# യുക്തിവിചാരം

പത്രാധിപർ
ആർ. കൃഷ്ണൻകുട്ടിമേനോൻ

ഇടമറുക് - [illegible]

1984 ജൂലായ്



ഇന്ത്യൻ മരത്തിൽ പുഴുബാധ

യുക്തിവാദ പ്രചരണവേദി തൃശൂർ - 680004
വില: 1-00

# യുക്തിവിചാരം

പുസ്തകം: 8 1984 ജൂലൈ ലക്കം: 6

* കുറിപ്പുകൾ: ഇന്ത്യയെ രക്ഷിക്കാൻ യുക്തിവാദത്തിനേ കഴിയൂ; രാമറാവുവും വിധിയും. —കുററിപ്പുഴ ചന്ദ്രൻ.

* ജസ്റ്റിസ് പോററിക്കെതിരായ ഭീഷണികൾ
—യു. കലാനാഥൻ.

* ഇടമറുകിൻെറ വിശ്വരൂപം —വി. കെ. പവിത്രൻ.

* യുക്തിവാദികളും കുഞ്ഞാടുകളും
—പി. വി. ചാത്തുക്കുട്ടി, പിണറായി.

* യുക്തിവാദത്തിൻെറ പരിപ്രേക്ഷ്യം —എം. ബി. കെ.

* യുക്തിവാദരാഷ്ട്രം! —കുമാരൻ പേരിയ.

* സ്ത്രീധനനിരോധനവും അതിൻെറ പ്രസക്തിയും
—ചിങ്ങോലി സബി, ബീഹാർ.

* വാർത്തകൾക്കിടയിൽ:
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി —ഡോ. പി. കെ. സുകുമാരൻ

അജ്ഞനായ മനുഷ്യാ, നിൻെറ ഭീരുത്വത്തിൻെറ സന്താനമായ ദൈവം നിന്നെ നശിപ്പിക്കുന്നതു് നീ അറിയുന്നില്ലേ? നീ വിശന്നു പൊരിയുമ്പോൾ, നിൻെറ ഭാവനാ സൃഷ്ടമായ ദൈവത്തിനു് നീ സദ്യ നൽകുന്നു—അഥവാ, നിന്നെ മർദ്ദിക്കുന്നവരെ നീ പോററുന്നു. നിറുത്തു: ഈ ആത്മഹത്യ മതിയാക്കൂ!

—കേശവദേവ്.

# കുറിപ്പുകൾ

## ഇൻഡ്യയെ രക്ഷിക്കാൻ യുക്തിവാദത്തിനേ കഴിയൂ.

പൌരാണികകാലം തൊട്ടേ ഭാരതം വൈരുദ്ധ്യങ്ങളുടെനാടാണ്. മതത്തിനുണ്ടായിരുന്നതുപോലെ ഇവിടെ ഭൗതികവാദത്തിനും നിരീശ്വരത്വത്തിനും താത്വികാചാര്യന്മാരും പ്രചാരകന്മാരും ഉണ്ടായിരുന്നു. ചാർവാകൻ, കപിലൻ, കണാദൻ മുതലായവരുടെ സിദ്ധാന്തങ്ങൾ അക്കാലത്തെ യുക്തിവാദത്തിൻേറയും സ്വതന്ത്രചിന്തയുടേയും തെളിവുകളായി കണക്കാക്കാം. ബുദ്ധൻെറ തത്വസംഹിതകളും ഏറെക്കുറെ അതേരീതിയിൽ സംഘജീവിതത്തേയും മാനുഷിക മൂല്യങ്ങളേയും അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. അവ ദൈവത്തേയൊ വേദേതിഹാസങ്ങളേയൊ സ്വീകരിച്ചുകൊണ്ടുള്ളതായിരുന്നില്ല. ബ്രാഹ്മണമേധാവിത്വത്തിനെ പ്രചരണോപാധികൊണ്ടുമാത്രം എതിർത്തു ജയിച്ചു എന്ന ഒരു സവിശേഷതകൂടി ബുദ്ധദർശനത്തിനുണ്ട്. ബുദ്ധൻെറ ഉപദേശങ്ങൾ എത്രമാത്രം മഹത്തരമാണെന്നു് മനസ്സിലാക്കിയ അശോകൻ അവയെ ഭാരതമൊട്ടുക്കും വിദേശങ്ങളിലും ഒരുതുള്ളി രക്തം വീഴ്ത്താതെ പ്രചരിപ്പിച്ചു എന്നത് ഒരു അത്ഭുത നേട്ടമാണ് എന്തെന്നാൽ മററെല്ലാ മതങ്ങളും, പ്രത്യേകിച്ച് മുഹമ്മദ്ദ മതം, തലകൾ കൊയ്തും കൊള്ളയടിച്ചുമാണ് മനുഷ്യരുടെമേൽ അടിച്ചേല്പിക്കപ്പെട്ടതെന്നോർക്കണം. പക്ഷെ ചരിത്രത്തിൻെറ ഗതാവിഗതികൾ രാജ്യത്തിനെ കൊണ്ടെത്തിച്ചത് ബ്രാഹ്മണരുടെ ചൊൽപ്പടിയിലും അവരുടെ ചാതുർവർണ്ണ്യവ്യവസ്ഥയിലധിഷ്ഠിതമായ ഹിന്ദുമതത്തിലുമാണ്. അതിൻെറ പരിണിതഫലമൊ? വിദേശീയർ ഒന്നൊന്നായി ഇവിടേയ്ക്കു് പ്രവഹിച്ച് അവരുടെ അധീശത്വം സ്ഥാപിക്കുകയും അവരുടെ മതങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. ഇവരിൽ മുഗൾസാമ്രാജ്യത്തിൻേറയും മററു സാമന്തര രാജാക്കന്മാരുടേയും തണലിൽ വളർന്നു പന്തലിച്ച ഇസ്ലാംമതം നിലവിലിരുന്ന ഹിന്ദുമതവുമായി നിരന്തര സംഘട്ടനത്തിൽ ഏർപ്പെട്ടു കൊണ്ടിരുന്നു. വെള്ളക്കാരുടെ ഭരണം നടപ്പായിട്ടും ഇരുമതങ്ങളുമായിട്ടുള്ള ശത്രുതയ്ക്കു് വിരാമമിടാൻ അവർക്കു് സാധിച്ചില്ല; അവരതു ആഗ്രഹിച്ചതുമില്ല. അങ്ങനെ ഇന്ത്യ സ്വത

ന്ത്രമാകുന്ന ഘട്ടം വന്നപ്പോഠം മതസംഘട്ടനങ്ങഠം മൂർദ്ധന്യത്തിൽ എത്തി. ഇന്ത്യയെ രണ്ടായി വിഭജിക്കേണ്ടി വന്നു. 'ഈശ്വര അള്ളാ തേരേ നാം' എന്നു പാടി ഹിന്ദു മുസ്ലീം മൈത്രിയ്ക്കുവേണ്ടി അകമഴിഞ്ഞ് ആഗ്രഹിച്ച ഗാന്ധിയെ നിരാശയിലാഴ്ത്തി ക്കൊണ്ട് ഈശ്വരൻ ഇങ്ങാപ്പുറത്തും അള്ളാ അങ്ങാപ്പുറത്തും പോയി. ആ പോക്കിൽ എത്ര ഭീമവും ഭീകരവുമായ കൂട്ടക്കൊലകഠം നടന്നു! സ്വാതന്ത്ര്യ പേററുനോവിൽ വാർന്നുവീണ ചോരയുടെ മണം ഇന്നും തങ്ങിനിൽക്കുന്നുണ്ട് നമ്മുടെ രാജ്യത്ത്. ഇവിടംകൊണ്ട് പ്രശ്നം അവസാനിച്ചിട്ടില്ല; പാക്കിസ്ഥാനിൽ ഉള്ളതിനേക്കാഠം കൂടുതൽ മുസ്ലീംകഠം ഭാരതത്തിൽ ഉണ്ട്. അതുകൊണ്ട് വിഭജനം ഇനിയും ഉണ്ടാവുകയൊ ഉണ്ടാക്കുകയൊ ചെയ്തുകൂടെന്നില്ല. ഇന്ന് പഞ്ചാബിലും ഭീവണ്ടിയിലും നടക്കുന്ന സംഭവങ്ങഠം വർഗ്ഗീയ വൈരാഗ്യത്തിൻെറ ദുരന്തഫലങ്ങളാണ്. ജമ്മുകാശ്മീരിലെ സ്ഥിതിയും ആശങ്കാജനകംതന്നെ. പഞ്ചാബിലും കാശ്മീരിലും പട്ടാളത്തെ അയക്കേണ്ടി വന്നിരിക്കുന്നു. പഞ്ചാബിൽ ആഭ്യന്തരയുദ്ധംതന്നെയാണ് നടന്നത്.

ഇത്രയും കാര്യങ്ങഠം ആമുഖമായി പറഞ്ഞത്, ഇന്ത്യൻ ജനാധിപത്യ മതേതര രാഷ്ട്രത്തിൻെറ ഭദ്രത കാത്തുസൂക്ഷിക്കാൻ യുക്ത്യാധിഷ്ഠിതമായി എന്തുചെയ്യണമെന്ന ഞങ്ങളുടെ അഭിപ്രായങ്ങഠം ഭരണകൂടത്തിൻേറയും ബഹുജനങ്ങളുടേയും മുമ്പിൽ അവതരിപ്പിക്കാനാണ്. ഭരണഘടനയിലെ മതേതരത്വ സ്വഭാവം പരിരക്ഷിക്കാൻ തികച്ചും പരാജയപ്പെട്ടിരിക്കയാണ് ഇന്നത്തെ ഭരണകൂടം. ഭരണാധികാരികഠം മതവികാരങ്ങളെ വ്രണപ്പെടുത്താൻ ഭയപ്പെടുന്നു. കേന്ദ്ര സംസ്ഥാന രാഷ്ട്രീയകക്ഷികഠം വോട്ടിനുവേണ്ടി മതങ്ങളുടെ പുറകെ ഓഛാനിച്ചു നിൽക്കുന്നു. പാർട്ടികളും പാർലിമെൻറും ഭരണഘടനയിലെ 44-ാം വകുപ്പ് നിർദ്ദേശിക്കുന്ന വിധം ഭാരതത്തിലെ മുഴുവൻ പൗരന്മാർക്കും വേണ്ടി ജാതിമത വ്യത്യാസമെന്യേ ഒരു ഏകീകൃത സിവിൽ നിയമം നിർമ്മിച്ചു നടപ്പാക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ അനാസ്ഥ കാണിക്കുന്നു. ഇവരെല്ലാം തന്നെ പ്രതിക്കൂട്ടിലാണിപ്പോഠം. രാജ്യത്തുണ്ടാകുന്ന ഛിദ്രവാസനകളെ രാഷ്ട്രീയാടിസ്ഥാനത്തിൽ നേരിടാനും അവയ്ക്ക് പരിഹാരം നേടാനും ഇതുവരെയായിട്ടും തൻേറടവും ആത്മാർത്ഥതയും കാണി

ക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സാധിച്ചിട്ടില്ല. അവർ ഇനി ചെയ്യേണ്ടത് വിദ്യാഭ്യാസപരമായി ഈ രാജ്യത്തെ ജനകോടികളെ മതേതരാടിസ്ഥാനത്തിൽ ശാസ്ത്രീയ ചിന്താഗതിക്കാരാക്കുകയാണ്. ഇവിടത്തെ വിദ്യാഭ്യാസരംഗത്തും വാർത്താവിനിമയരംഗത്തും മതങ്ങളെ പ്രീണിപ്പിക്കുന്ന പഠനരീതിയും പ്രചരണപ്രക്രിയയും അവസാനിപ്പിച്ചേ പററൂ. തെരഞ്ഞെടുപ്പു വരുമ്പോൾ ജാതിമത വിഭാഗങ്ങളുടെ കൂട്ടുകെട്ടിനുവേണ്ടി നെട്ടോട്ടം ഓടുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തുക മാത്രമല്ല അത്തരം സമ്പ്രദായങ്ങളെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നിരോധിക്കുകതന്നെ വേണം. ജനാധിപത്യം എന്താണെന്ന് വ്യക്തമാക്കുന്ന പ്രചാരണമാധ്യമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഭരണസംവിധാനത്തിൽ മതങ്ങളുടെ അനാരോഗ്യ സ്വാധീനത്തിനെ തടയണം. പ്രാഥമിക വിദ്യാലയങ്ങൾ തൊട്ട് മതപരമായ വിഷയങ്ങൾ പങ്കുവച്ച് പഠിപ്പിക്കുന്നത് നിർത്തണം. യുക്തിവാദപരമായ ചിന്താഗതിയെ വളർത്തിയെടുത്തുകൊണ്ട് ശാസ്ത്രീയ വിദ്യാഭ്യാസത്തിന് മുൻഗണന കൊടുക്കുന്ന അദ്ധ്യാപനരീതി ആവിഷ്കരിക്കണം. അതിനനുസൃതമായി ആശയപ്രചരണം നടത്തുന്ന അനൗദ്യോഗിക സംഘടനകൾക്ക് സാമ്പത്തികമുൾപ്പെടെയുള്ള സകലവിധ സഹായസഹകരണങ്ങളും എത്തിക്കണം. മതങ്ങളെ പൊതുപ്രവർത്തന മേഖലകളിൽനിന്നും തികച്ചും അകററി നിർത്തേണ്ടതാണ്. അധികാരസ്ഥാനത്തിരിക്കുന്നവർ പൗരോഹിത്യത്തിനും അതിനെ പോററിവളർത്തുന്ന ധനികവർഗ്ഗത്തിനും കുഴലൂതാൻ പോകാതിരിക്കുക. ഇത്രയൊക്കെയെങ്കിലും ഒരു തുടക്കമായി പ്രവർത്തിക്കുന്നതിനുള്ള വകുപ്പുകൾ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, മേൽപറഞ്ഞ പുരോഗമനാത്മകമായ ലക്ഷ്യങ്ങളെ അമ്പേ തിരസ്കരിച്ചുകൊണ്ട് ശതകണക്കിനുള്ള മതവിഭാഗങ്ങളുടെ പ്രീണനത്തിനുവേണ്ടി വെമ്പൽ കൊള്ളുന്ന അന്ധവിശ്വാസികളുടെ യുക്തിരഹിതമായ യന്ത്രം തിരിക്കൽ ഭരണമെഷീനറിയെ മലീമസമാക്കുന്ന കാഴ്ചയാണ് ഞങ്ങൾ കാണുന്നത്. അതുകൊണ്ട്, ഞങ്ങൾ ഊന്നിപ്പറയുന്നു, ഈ രാജ്യം രക്ഷപ്പെടണമെങ്കിൽ, ഇവിടെ ശുദ്ധമായ മതേതരസ്വഭാവമുള്ള ഭരണം നടക്കണമെങ്കിൽ, ഭരിക്കാൻ പ്രതിനിധികളെ തെരഞ്ഞെടുത്തയ

കുന്ന ജനങ്ങാം യുക്തിവാദാധിഷ്ഠിതമായ വിദ്യാഭ്യാസം നേടിയേ പററു എന്നു്. തുടക്കത്തിൽ പരാമർശിച്ച പൗരാണിക ഭാരതത്തി ലെ ഭൗതികവാദികളുടേയും നാസ്തികന്മാരുടേയും ചുവടുവച്ചു് ചിന്തിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്ന, ഉണർവും ഉത്സാഹവും ഉശിരും ഉള്ള ഒരു പുത്തൻ തലമുറയെ വാത്തെടുക്കാതെ ഭാരതത്തിനു് അഖണ്ഡത കൈവരുത്താനൊ, എല്ലാ മനുഷ്യരും തുല്യാവകാശമുള്ള പൗരന്മാരാണെന്ന ബോധത്തോടെ സമൂഹത്തിൽ സംസ്കാരസമ്പന്നരായി ജീവിക്കാനൊ സാധിക്കില്ല. ഇത്തരം ഉന്നതമനസ്കരായ പൗരാവലിയെ കരുപ്പിടിപ്പിക്കാൻ മതവിദ്യാഭ്യാസം അപര്യാപ്തമാണെന്നു മാത്രമല്ല അതു് വിഘടിത വാദത്തിനും അന്യോന്യ വൈരാഗ്യത്തിനും വഴിതെളിച്ചു് ഇനിയും ഭാരതത്തിൽ രക്തപ്പുഴകാം ഒഴുക്കാൻ കാരണമാകുകയും ചെയ്യും. വിദ്യാഭ്യാസം എല്ലാ തുറകളിലും മതപരമായിരിക്കരുതു്. സത്യം കണ്ടെത്താനുള്ള ശാസ്ത്രീയാടിസ്ഥാനത്തിലായിരിക്കണം അതു്. ബാല്യം മുതൽ തുടങ്ങേണ്ട ഈ വിദ്യാഭ്യാസശൈലി വിദ്യാലയങ്ങളിൽനിന്നു തുടങ്ങി വ്യവസായശാലകാം വരെ എത്തണം. ജാതിമതാടിസ്ഥാനത്തിലുള്ള രാഷ്ട്രീയസംഘടനകാംക്കു് അംഗീകാരം നൽകരുതു്. തൊഴിലാളി സംഘടനകളിൽ മതത്തിനു് സ്വാധീനം പാടില്ല. അതുപോലെതന്നെ വിദ്യാർത്ഥി സംഘടനകളിലും. ഒരൊററയടിയ്ക്കു് ഇത്തരമൊരു പരിവർത്തനം വരുത്താൻ പററുകയില്ലെന്നുള്ള യാഥാർത്ഥ്യബോധത്തോടെതന്നെ ഞങ്ങാം തുറപ്പിച്ചു പറയുകയാണു്, ഈ വഴിയ്ക്കു പോയില്ലെങ്കിൽ, ലോകത്തിലേക്കു് വച്ചു് ഏററവും വലിയ ഡെമോക്രസി എന്ന പദവി നഷ്ടപ്പെട്ടു് ഇൻഡ്യ ഛിന്നഭിന്നമായ ഒരു അസ്ഥികൂടമായിത്തീരുമെന്നു്. അതിനുള്ള എല്ലാ ലക്ഷണങ്ങളും ഭാരതത്തിലുടനീളം കാണുന്നുണ്ടു്. യുക്ത്യാധിഷ്ഠിതമായ ശാസ്ത്രീയചിന്താഗതിക്കും മതങ്ങളെ അകററിനിർത്തിയിട്ടുള്ള ഒരു ഭരണകൂടത്തിനും മാത്രമെ വരാനിരിക്കുന്ന ആ ഭീകര വിപത്തിൽനിന്നു് ഇൻഡ്യയെ സംരക്ഷിക്കാനൊക്കൂ. അതുകൊണ്ടാണു് യുക്തിവാദത്തിൻെറ പ്രസക്തി എന്നത്തേക്കാളുമേറെ ഇന്നു് ഇൻഡ്യയിൽ ഉണ്ടെന്നു് ഞങ്ങാം പറയുന്നതു്.

## രാമറാവുവും വിധിയും

14 6-84 ലെ പ്രക്സ്പ്രസ്സിൽ കണ്ട ഒരു വാർത്താ തലക്കെട്ടു് ഞങ്ങളുടെ പ്രത്യേക ശ്രദ്ധയിൽ പെട്ടു. ''എല്ലാം വിധിയെന്നു് രാമ

റാവു'' ആന്ധ്രാ മുഖ്യമന്ത്രിയുടെ അമേരിക്കൻ പര്യടനത്തിനിടയിൽ ന്യൂയോർക്കിൽവെച്ച് 'ഇന്ത്യൻ പത്രലേഖകരുടെ ഒട്ടേറെ ചോദ്യങ്ങൾക്ക് മറുപടി' പറയുന്ന അവസരത്തിൽ 'വിധിയാണ് തന്നെ രാഷ്ട്രീയത്തിൽ എത്തിച്ചതെന്നു'' പ്രസ്താവിച്ചു. വാർത്തയുടെ ചില പ്രസക്തഭാഗങ്ങൾ ഞങ്ങൾ ഉദ്ധരിക്കുകയാണ്. ''ഞാനൊരിക്കലും രാഷ്ട്രതന്ത്രജ്ഞനാകാൻ സ്വയം ഒരുങ്ങിയിരുന്നില്ല. അതിന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടുമില്ല.'' ''ഒരു ചലച്ചിത്രതാരമായിരുന്ന അവസരത്തിൽ എനിക്ക് ഇതേ തോതിലുള്ള പൊതുജനപ്രീതിയുണ്ടായിരുന്നു. ഒമ്പതുമാസംകൊണ്ട് അധികാരത്തിൽവന്ന മറെറാരു കക്ഷിയില്ല. ഗുണങ്ങൾ ചെയ്യാൻ എനിക്കു കഴിയുമെന്ന് ജനങ്ങൾ കരുതി. എനിക്ക് അനുകൂലമായി അവർ വിധിയെഴുതി.'' ''എൻെറ ആത്മാവ് ജനങ്ങൾക്കുവേണ്ടിയും തൻെറ സ്റ്റേററിൻവേണ്ടിയും സമർപ്പിച്ചിരിക്കയാണ്. എൻെറ വസ്ത്രങ്ങളുടെ കാവിനിറം പരിത്യാഗത്തിൻെറ ചിഹ്നമാണ്. യാതൊന്നിനും എന്നെ പ്രലോഭിപ്പിക്കാൻ കഴിയില്ല. എൻെറ ഒരേ ഒരഭിലാഷം ഈശ്വരചിന്തയും നൻമചെയ്യുകയും മാത്രമാണ്.'' ''മുഖ്യമന്ത്രിപദത്തിൽ ഞാൻ പ്രലോഭിതനല്ല. പിന്നെ ഞാനെന്തിന് പ്രധാനമന്ത്രിപദത്തിൽ പ്രലോഭിതനാകണം.''

മുഖ്യമന്ത്രിപദം ഏറെറടുത്തപ്പോൾ പൊതുമൈതാനത്തുവച്ചു നടത്തിയ 'ദൃഢപതിജ്ഞ'യിലും അധികാരത്തിൽ വന്നതു മുതൽ സംസ്ഥാനത്തുള്ള അഴിമതികൾ അവസാനിപ്പിക്കാനുള്ള ആത്മാർത്ഥ ശ്രമങ്ങളിലും തിരുപ്പതിയിലെ പ്രതിദിന വഴിപാടു വരുമാനം ഖജനാവിൽ അടയ്ക്കണമെന്ന ഗവർമ്മെൻറു കൽപന പുറപ്പെടുവിച്ചതിലും (അതു് കോടതിയുടെ പരിഗണനയിലാണിപ്പോൾ) ഞങ്ങൾക്കദ്ദേഹത്തിനോടുള്ള അഭിവാദ്യാഭിനന്ദനങ്ങൾ രേഖപ്പെടുത്താൻ അതിയായ സന്തോഷമുണ്ട്. മാത്രമല്ല, വെറും ഒമ്പതുമാസംകൊണ്ട് ഇന്ദിരാ കോൺഗ്രസ്സിൻെറ ഉരുക്കുകോട്ടയായിരുന്ന ആന്ധ്രാ സംസ്ഥാനം പിടിച്ചടക്കിയ ധീരദേശാഭിമാനിയെന്ന നിലയിലും ഞങ്ങൾക്കദ്ദേഹത്തോട് ബഹുമാനമുണ്ട്. അഴിമതി നടത്തിയ മന്ത്രിയെ രക്ഷിക്കയല്ല ശിക്ഷിക്കയാണദ്ദേഹം ചെയ്തതു്. ഇന്നത്തെ ഇന്ത്യയിൽ ഇതൊക്കെ അത്ഭുതപ്രതിഭാസം തന്നെയാണ്. ദൈവത്തെ മാററിനിർത്തി ദൃഢപ്രതിജ്ഞ ചെയ്ത അദ്ദേഹം വിദേശത്തു ചെന്നു്

മതത്തിന്റെ മേലങ്കിയണിഞ്ഞ 'വിധി'യെ മുന്നിൽ നിർത്തി സംസാരിക്കേണ്ടിയിരുന്നുവോ? അദ്ദേഹം തന്നെ പറയുന്ന ജനങ്ങൾ തനിക്കനുകൂലമായി വിധിയെഴുതിയെന്ന്. 'വിധികല്പിത'ത്തിൽ കണ്ണടച്ചു വിശ്വസിക്കുന്ന പത്രങ്ങൾ അത്തരം സന്ദർഭങ്ങളെ മുതലെടുക്കുന്നതിന്റെ ഒരൊന്നാംതരം ഉദാഹരണമാണ് എക്സ്പ്രസ്സ് പത്രത്തിന്റെ 'വെണ്ടയ്ക്ക' തലക്കെട്ട്. അവരവർക്കു പററിയ രീതിയിൽ വാർത്താശീർഷം വാർത്തെടുക്കുവാൻ പ്രസ്താവനയുടെ കഷണങ്ങൾ മുറിച്ചെടുക്കുന്ന പ്രവണത സാധാരണയായി ഇവിടെ കണ്ടുവരുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കയാണ് ഞങ്ങൾ. 'ജനവിധിയാണ് എന്നെ മുഖ്യമന്ത്രിയാക്കിയതു'' എന്ന് ശുദ്ധവും സത്യവുമായ തലക്കെട്ട് കൊടുത്താൽ അതിൽ എത്ര യുക്തിയുണ്ട്; എന്തു ഭംഗിയുണ്ട്! അനേകായിരങ്ങൾ വായിക്കുന്നതാണല്ലോ ഒരു വർത്തമാനപ്പത്രം. രാമറാവു രാഷ്ട്രീയത്തിനെ 'വിധി'യുടെ കൊടിമരത്തിൽ തളച്ചിടേണ്ടിയിരുന്നില്ല. ആത്മാവും സ്റേററും ജനങ്ങളും കാവിവസ്ത്രവും പരിത്യാഗവും ഈശ്വരനും ഒക്കെ കൂട്ടിക്കൊഴമ്പി വിദേശത്തെ ഇന്ത്യൻ പത്രലേഖകരുടെ മുമ്പിൽ രാമറാവു അവതരിപ്പിക്കേണ്ടിയിരുന്നില്ല. ഇന്ത്യയിലെ മറേറതു സംസ്ഥാനത്തിനേക്കാളും മെച്ചപ്പെട്ടതും ഉന്നതനിലവാരം പുലർത്തുന്നതുമായ ഭരണം കാഴ്ച വെയ്ക്കാൻ പ്രാപ്തനാണ് രാമറാവു എന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യങ്ങളായിരിക്കാം കാവിവസ്ത്രവും ഈശ്വരനും മററും. തുടക്കം ആ പ്രതീതിതന്നെയാണ് ഞങ്ങളിൽ ഉണ്ടാക്കിയതു്. ആ നിലപാടിൽനിന്നും വഴുതിപ്പോകാതെ അദ്ദേഹം സൂക്ഷിക്കണമെന്ന് ഞങ്ങൾക്കു വിനീതമായ ഒരഭ്യർത്ഥനയുണ്ട്. കുറെ നാൾ മുമ്പ്, തിരുപ്പതിയെ വിശുദ്ധനഗരമായി പ്രഖ്യാപിക്കാനുള്ള ഉദ്ദേശം അദ്ദേഹത്തിനുണ്ടെന്ന് ഒരു വാർത്ത കണ്ടു. അതിൽ ഞങ്ങൾക്കുണ്ടായ ആശങ്കയും ഇങ്ങനെയൊരു അഭിപ്രായക്കുറിപ്പെഴുതാൻ പ്രേരകമാണെന്നതും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

—കുററിപ്പുഴ ചന്ദ്രൻ

**യുക്തിവിചാരം വരിസംഖ്യാ നിരക്ക്**

ഒററപ്രതി 1ക. ഒരുവർഷത്തേക്ക് 12ക. മൂന്നുവർഷത്തേക്ക് 30ക.

വിദേശത്തേക്ക് ഒരുവർഷത്തേക്ക് 40ക. (എയർമെയിൽ)

എ. വി. ജോസ്, കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004

# ജസ്ററിസ് പോററിക്കെതിരായ ഭീഷണികൾ

യു. കലാനാഥൻ

ആന്ധ്രാ ഹൈക്കോടതി ചീഫ്ജസ്റ്റിസ് സുബ്രഹ്മണ്യൻ പോററി തിരുവനന്തപുരത്തുവെച്ച് വ്യക്തിനിയമങ്ങളെക്കുറിച്ച് നടത്തിയ ചില പരാമർശങ്ങൾ കേരള മുഖ്യമന്ത്രിയേയും ആഭ്യന്തര മന്ത്രിയേയും അവരുടെ പാർട്ടി നേതാക്കളേയും പ്രകോപിപ്പിച്ചിരിക്കുകയാണ്. ജസ്റ്റിസ് പദവി രാജിവെച്ച് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി പ്രചരണം സംഘടിപ്പിക്കുകയാണ് പോററി ചെയ്യേണ്ടതെന്നാണ് അവരുടെ നിലപാട്! ആരാണ് സ്വന്തം പദവികൾ രാജിവെച്ച് ബഹുജനസമക്ഷം മാപ്പുപറയേണ്ടതെന്ന് പരിശോധിക്കേണ്ടതുണ്ട്.

1950-ൽ ഇന്ത്യൻ പാർലമെണ്ട് അംഗീകരിച്ചതാണ് നമ്മുടെ ഭരണഘടന. കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും അധികാരത്തിലേറുന്ന മന്ത്രിമാരും എം. എൽ. എ. മാരും ഈ ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്താണ് അധികാരമേല്ക്കുന്നത്. ഭരണഘടനയിലെ നിർദ്ദേശങ്ങൾ വാക്യത്തിലും സ്പിരിട്ടിലും അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യാൻ അവർ ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും വകുപ്പിൽ മാററം വരുത്തണമെങ്കിൽ പാർലമെണ്ടിൽ മൂന്നിൽ രണ്ടിന്റെ അംഗീകാരം വേണം. ഒരാൾക്ക് ഭിന്നാഭിപ്രായമുണ്ടെങ്കിലും ഭേദഗതി അംഗീകരിക്കാത്ത കാലത്തോളം നിലവിലുള്ള വകുപ്പുകൾ നൂറു ശതമാനവും നടപ്പാക്കാൻ അയാൾ ബാധ്യസ്ഥനാണ്.

ഭരണഘടനയിലെ 44-ാം വകുപ്പ്, നിർദ്ദേശകതത്വങ്ങളിൽ, ഭാരതത്തിലെ മുഴുവൻ പൗരൻമാർക്കുംവേണ്ടി ജാതിമത വ്യത്യാസമെന്യേ ഒരു ഏകീകൃത സിവിൽ നിയമം നിർമ്മിച്ചു നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നതാണ്. ഭരണഘടനയുടെ ആമുഖത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന ദേശീയ ലക്ഷ്യങ്ങളിലൊന്നായ മതേതരത്വം ഫലപ്രദമായി നടപ്പാക്കാൻ വലിയൊരളവുവരെ

സഹായിക്കുന്ന ഒരു വകുപ്പാണിതു്. ഭരണഘടന തൊട്ടു് സത്യപ്രതിജ്ഞ ചെയ്തു് അധികാരത്തിലേറിയവർക്കു്, ആത്മാർത്ഥതയും കൃത്യനിഷ്ഠയും ഉത്തരവാദിത്വബോധവും സത്യസന്ധതയും ആർജ്ജവത്വവുമുണ്ടായിരുന്നെങ്കിൽ, പ്രസ്തുത വകുപ്പിലെ നിർദ്ദേശം എത്രയോ വർഷങ്ങൾക്കു് മുമ്പു് നടപ്പിലാകുമായിരുന്നു. രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കാനും സ്ഥിരീകരിക്കാനും വംശീകരിക്കാനും മാത്രം താല്പര്യമുള്ളവർക്കു് അതിന്നു് സാധിക്കാതെ വന്നാൽ അതിലത്ഭുതമില്ല.

രണ്ടു് വർഷങ്ങൾക്കു് മുമ്പു്, ഇന്ത്യൻ പാർലമെൻറിൽ ഏകീകൃത സിവിൽനിയമം നിർമ്മിച്ചു നടപ്പാക്കുന്നതിനെ സംബന്ധിച്ച ഒരു ചർച്ചക്കു് പ്രധാനമന്ത്രി മറുപടി നല്കിയതു്. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ അംഗീകാരമില്ലാതെ ഏകീകൃത സിവിൽനിയമം നടപ്പിലാക്കുകയില്ലെന്നാണു്. ഈ നിലപാടു് ഭരണഘടനയിൽ നിഴലിക്കുന്ന ഒന്നല്ല. മറിച്ചു്, രാഷ്ട്രീയ താൽപര്യത്തിന്നു് മുൻഗണന നൽകുന്നതിൻെറ അപകടം മാത്രമാണു്. ഇന്നേവരെ ഈ വകുപ്പു് നടപ്പാവാതിരിക്കുന്നതും അതുകൊണ്ടാണു്.

കേരള മുഖ്യമന്ത്രിയും ന്യൂനപക്ഷ മതവിഭാഗത്തിൻെറ അംഗീകാരമുണ്ടെങ്കിലേ ഏകീകൃത സിവിൽനിയമം നടപ്പാക്കൂ എന്ന നിലപാടാണു് പ്രഖ്യാപിച്ചിട്ടുള്ളതു്. അധികാരാരോഹണം നടത്തുമ്പോൾ നല്കിയ പ്രതിജ്ഞ ഭരണഘടനാതത്വങ്ങൾ നടപ്പാക്കുമെന്നാണു്. അധികാര പ്രമത്തത കാരണം ഇപ്പോൾ, ഭരണഘടനാബാധ്യതയെ മറക്കുക മാത്രമല്ല, തള്ളിപ്പറയുക കൂടിയാണു് ചെയ്യുന്നതു്. ഈ ഇരുതലനയം കാണിക്കുന്ന രാഷ്ട്രീയ നേതാക്കളാണോ അധികാരസ്ഥാനം രാജിവെക്കേണ്ടതു്? അതോ, നിയമപാലകനെന്ന നിലയിൽ, ഭരണഘടനാതത്വങ്ങൾ നടപ്പാക്കേണ്ടതു് ആവശ്യമാണെന്നു് പറഞ്ഞ നീതിപാലകനാണോ രാജിവെയ്ക്കേണ്ടതു്? രാഷ്ട്രീയ തിമിരം മൂലവും അധികാര പ്രവണത മൂലവും കണ്ണുകാണാത്ത, വാക്കും പ്രവൃത്തിയും തമ്മിൽ എള്ളോളം ബന്ധം കാണിക്കാത്ത, ജാതിരാഷ്ട്രീയ മുന്നണി സംരക്ഷിക്കുന്നതിൽ മാത്രം കണ്ണുവെക്കുന്ന ഒരാളിൽനിന്നു് നിയമവിരുദ്ധമായ ഭീഷണികൾ ഉണ്ടാവുന്നതിൽ അനൗചിത്യമേയില്ല!

മതത്തിൻെറ പേരിൽ സിക്കു്തീവ്രവാദികൾ പഞ്ചാബിൽ

# ഇടമറുകിൻെറ വിശ്വരൂപം

**വി. കെ. പവിത്രൻ**

ജൂൺ ലക്കം 'യുക്തിവിചാര'ത്തിൽ ''ഇടമറുകും ഭരണഘടനാ ഭേദഗതിയും'' എന്ന തലക്കെട്ടിൽ മി. ഏ. വി. ജോസ് എഴുതിയ ലേഖനം വായിച്ചു. 'യുക്തിവാദി സംഘത്തെ തകർക്കാൻ അവസരവാദികൾ അണിനിരക്കുന്നു' എന്ന ശീർഷത്തിൽ മി. ഇടമറുക് എഴുതിയ ലേഖനത്തിനുള്ള മറുപടിയാണല്ലോ ഇതു്. താൻ ഒരു 'മഹാ വിപ്ലവകാരി'യാണെന്നു് ഭൂലോകം മുഴുവനും പ്രചാരണം നടത്തിപ്പോരുന്ന 'ആത്മപ്രശംസാവാദി'യായ ഇടമറുകിൻെറ പ്രസ്തുത ലേഖനം ഞാനും കണ്ടിരുന്നു. സാമാന്യ ബുദ്ധിക്കു (Common Sense) നിരക്കുന്ന ഒന്നുപോലുമില്ലാത്ത ആ യുക്തിവാദ

---

സുവർണ്ണക്ഷേത്രം കേന്ദ്രീകരിച്ചു് നടത്തിയ രാഷ്ട്രീയനീക്കങ്ങളെ, രാഷ്ട്രീയതാല്പര്യം പരിഗണിച്ചു് ആദ്യം പ്രോത്സാഹിപ്പിക്കുകയും പിന്നീട്, കർശനമായ നടപടി സമയത്തിന്നു് സ്വീകരിക്കാതെ ഉരുണ്ടു കളിക്കുകയും ചെയ്ത കേന്ദ്ര ഭരണാധികാരികളുടെ ഉത്തരവാദിത്തരാഹിത്യമാണ്, നിരവധി മനുഷ്യരുടെ_സൈനികരടക്കം—രക്തം ചിന്താനിടയായതു്. ദേശീയൈക്യത്തിനും ഭദ്രതക്കും, വിദേശസഹായം തേടിയ ഒരു മതവിഭാഗം ഭീഷണിയായി വളരുന്നത് കാണാൻ കൂട്ടാക്കാതെ, മതപ്രീണനം നടത്തി. മതേതരത്വം രാഷ്ട്രീയ തുരുപ്പു ശീട്ടാക്കാനാണ് ഭരണഘടനാ സംരക്ഷകന്മാർ ചെയ്തതു്. ഇതിൻെറ ദുരന്തം, ഇനിയുമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നാം കാണാനിരിക്കുന്നേയുള്ളു.

ഇതേ ദുർന്നയത്തിൻെറ പ്രകടനമാണ്, യൂണിയൻ മുസ്ലീം–ലീഗിനെ വലതുമുന്നണിയിൽ ഉറപ്പിച്ചു നിർത്തുക എന്ന താൽക്കാലിക രാഷ്ട്രീയ താല്പര്യത്തിൻെറ പേരിൽ, ഏകീകൃത സിവിൽ നിയമത്തിനെതിരായി വാളിളക്കാൻ കേരള മന്ത്രിമാരെ പ്രേരിപ്പിച്ചതു്. തീ കൊണ്ടു് തലചൊറിയുന്ന മൂഢന്മാർ, പൊള്ളലേററാലേ പാഠം പഠിക്കൂ. പക്ഷേ, ബഹുജനത്തെ മുഴുവൻ തീപൊള്ളിക്കാനുള്ള ഏതു ശ്രമവും എതിർക്കപ്പെട്ടേ തീരൂ!

സാഹിത്യം വായിച്ചപ്പോഠം അതിനൊരു മറുപടി എഴുതുന്നതിനേക്കാഠം അദ്ദേഹത്തിൻെറ 'യുക്തിഭ്രമ'ത്തെക്കുറിച്ചോർത്ത് സഹതപിക്കാനെ എനിക്കു തോന്നിയുള്ളു. അതിനു മതിയായ ഒരു കാരണവുമുണ്ടായിരുന്നു. ഇടമറുകിൻെറ ഗ്രന്ഥങ്ങളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയ പ്രശസ്ത ചിന്തകനും സാഹിത്യകാരനും പത്രാധിപരുമായ പി. എൻ. വി. കൃഷ്ണവാര്യരുടെ വാക്കുകളാണ്. വാര്യർ പറയുന്നതു ശ്രദ്ധിക്കുക: ''ഇത്തരം പുസ്തകങ്ങളുടെ രചനയിൽ കൂടുതൽ യുക്തിഭദ്രതയും വസ്തുനിഷ്ഠതയും ദീക്ഷിക്കപ്പെടുകയും വേണം. പ്രതിപാദനം ഒരിക്കലും ഏകപക്ഷീയമാവരുത്. നിരീക്ഷണങ്ങഠം സന്തുലിതങ്ങളാവണം. ഏതു പ്രശ്നത്തിനും പല വശങ്ങളുണ്ടായിരിക്കുമെന്ന വസ്തുത ഒരിക്കലും വിസ്മരിക്കപ്പെട്ടുകൂടാത്തതാണ്.'' ഇടമറുകിൻെറ പരാമൃഷ്ടമായ ലേഖനവും മേൽപ്പറഞ്ഞതുപോലെ യുക്തിഭദ്രതയുടെ കുറവുകൊണ്ടും വസ്തുനിഷ്ഠതയുടെ അഭാവംകൊണ്ടും സന്തുലിതമല്ലാത്ത നിരീക്ഷണങ്ങഠംകൊണ്ടും ഏകപക്ഷീയമായ പരാമർശംകൊണ്ടും കലുഷിതമാണെന്നതിനും പുറമെ ആശയപരമായ ആത്മവഞ്ചനകൊണ്ടും വികൃതമാണ്. ജോസിൻെറ ലേഖനത്തിൽ ഈ ആത്മവഞ്ചനയുടെ കഥ പ്രതിപാദിച്ചിരുന്നെങ്കിൽ ഞാൻ ഇതെഴുതുവാൻ ഒരുമ്പെടുമായിരുന്നില്ല.

## എന്താണ് ആത്മവഞ്ചന?

ജോസിൻെറ ഭരണഘടനാ ഭേദഗതിയുമായി എനിക്ക് വിദൂരബന്ധംപോലുമുണ്ടായിരുന്നില്ല. (കണ്ണൂരിൽ നടന്ന യുക്തിവാദി സംഘം സംസ്ഥാന സമ്മേളനത്തിൽ തൻെറ പ്രമേയവുമായി ആർക്കും ബന്ധമില്ലെന്ന് ജോസ് പ്രഖ്യാപിച്ചിരുന്നു.) എന്നിട്ടും 'നീ അല്ലെങ്കിൽ നിൻെറ തന്ത' എന്ന ചെന്നായ നയം സ്വീകരിച്ച് എൻെറയും ചില സഹപ്രവർത്തകരുടേയും മേൽ ഇടമറുക് ചാടി വീണിരിക്കുകയാണ്. ഞാനും ജോസും ഒക്കെ അവസരവാദികളും സംഘടനയെ തകർക്കാൻ ഗൂഢാലോചന നടത്തുന്നവരുമാണത്രെ! ഇടമറുകിൻെറ ഈ ആരോപണം അദ്ദേഹത്തിൻെറ മനഃസുഖത്തിനായി അംഗീകരിക്കുന്നു. കാരണം വ്യാജ ജീവചരിത്രക്കുറിപ്പു നൽകി അമേരിക്കൻ യുക്തിവാദി പ്രസിദ്ധീകരണങ്ങഠം വഴി അവർക്കിടയിൽ പ്രശസ്തി പിടിച്ചു പററിയ നാസ്തിക നേതാ

വ് തോററമ്പുന്നതിൽ എനിക്കു് അതീവ ഖേദമുണ്ടു്. പക്ഷെ ഒരു കാര്യം. ഞങ്ങളെ അപേക്ഷിച്ചു് അറുപിന്തിരിപ്പനും അവസരവാദിയും ബൂർഷ്വായും ഇടമറുകാണെന്നുള്ളതാണു് പരമമായ സത്യം. അതിനുപോൽബലകമായ ഒന്നാണു് 1956-ൽ ഇടമറുക് കേരളത്തിൽ യുക്തിവാദി സംഘം സ്ഥാപിച്ചെന്നുള്ള അദ്ദേഹത്തിൻെറ അവകാശവാദം. (ഇടമറുക് കേരളത്തിൽ യുക്തിവാദി സംഘം സ്ഥാപിച്ചിട്ടില്ലെന്നു് കേരള യുക്തിവാദി സംഘം ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ടു്.) എന്നാൽ ഇടമറുക് ഉണ്ടാക്കാൻ ശ്രമിച്ച സംഘം ഒരു അഡ്ഹോക്ക് കമ്മററിയുടെ രൂപീകരണത്തോടെ ചത്തു മണ്ണടിയുകയാണുണ്ടായതു്. ഈ അഡ്ഹോക്ക് കമ്മററിയുടെ പേരിൽ ഇടമറുകും കൂട്ടരും ചേർന്നു് 1956 ഡിസംബർ 4-ാം തീയതി പ്രസിദ്ധം ചെയ്ത 'കരടുപദ്ധതി'യിലേക്കു കണ്ണോടിച്ചാൽ കാണാം വിപ്ലവ യുക്തിവാദം പ്രസംഗിക്കുന്ന ഇടമറുകിൻെറ വിശ്വരൂപം. ജോസിൻെറ ഭരണഘടനാ ഭേദഗതിയേക്കാൾ പതിന്മടങ്ങു് പിന്തിരിപ്പൻ സ്വഭാവത്തോടും ലക്ഷ്യങ്ങളോടും കൂടിയ ഒന്നാണു് ഈ കരടുപദ്ധതി. അതിലെ ഒരു പ്രസക്ത ഭാഗം ശ്രദ്ധിക്കുക:

"......ചിന്താപരമായ പ്രവർത്തനങ്ങൾക്കു് പ്രാധാന്യവും മുൻഗണനയും നൽകുന്ന യുക്തിവാദികൾ ഒരു സംഘടനയിൽ ഉൾപ്പെട്ടാൽ സ്വതന്ത്രചിന്തയ്ക്കു് കടിഞ്ഞാണിടുകയായിരിക്കയില്ലേ ഫലം? ഈ പ്രശ്നങ്ങൾ അഡ്ഹോക്ക് കമ്മററിയുടെ ചർച്ചയ്ക്കും വിചിന്തനത്തിനും വിധേയമായി. ബ്രിട്ടനിൽ പ്രവർത്തനം നടത്തുന്ന റാഷണലിസ്റ്റു് പ്രസ്സ് അസ്സോസിയേഷൻെറ പ്രവർത്തനങ്ങളും, ഇന്ത്യൻ റാഷണലിസ്റ്റു് അസ്സോസിയേഷൻെറ പ്രവർത്തനങ്ങളും ഞങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിച്ചു. 'തിങ്കേഴ്സ് ലൈബ്രറി'യുടെ പ്രസിദ്ധീകരണങ്ങളിലൂടെ നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അമൂല്യ ഗ്രന്ഥങ്ങളും "ലിററററി ഗൈഡ്" മാസികയും ബ്രിട്ടീഷ് അസ്സോസിയേഷൻെറ പ്രവർത്തന ഫലങ്ങളാണു്. ലോകത്തിൽ ഇന്നേവരെയുണ്ടായിട്ടുള്ള തത്വജ്ഞാനങ്ങൾ യുക്തിവാദത്തിൻെറ വെളിച്ചത്തിൽ പരിശോധിച്ചു് വിലയിരുത്തിക്കൊണ്ടുള്ള അനേകം ഉത്തമഗ്രന്ഥങ്ങൾ അവർ ഇതിനകം ലോകത്തിനു കാഴ്ചവെച്ചിട്ടുണ്ടു്. ആ സംഘടന ഇന്ത്യൻ റാഷണലിസ്റ്റു് അസ്സോസിയേഷനു് ഒരു വഴികാട്ടിയാണു്......"

"കർക്കശ ചട്ടങ്ങളോടുകൂടിയ സംഘടനകളല്ല മേൽപ്പറഞ്ഞ വ. ആ മാതൃകയിൽ കേരളത്തിൽ ഒരു സംഘടന ഉണ്ടാക്കണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്. നിലവിലുള്ള രാഷ്ട്രീയ-സാമുദായിക സംഘടനകളുടെ കർക്കശമായ നിബന്ധനകളും അച്ചടക്ക നടപടികളും മററും യുക്‌തിവാദികൾക്കാവശ്യമില്ല. മൗലികമായി യുക്‌തിവാദി സംഘടന ഒരു സാംസ്കാരിക സംഘടനയായിരിക്കണം. സ്വാതന്ത്ര്യചിന്തയുടെ സൽഫലങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു സംഘടിതോപാധി മാത്രമായിരിക്കണം നമ്മുടെ സംഘടന. ആശയ പ്രചരണമാണതിന്റെ തൊഴിൽ"

1950 മുതൽ വിപ്ലവ യുക്‌തിവാദി പ്രസ്ഥാനം പടുത്തുയർത്താൻ തീവ്രശ്രമം നടത്തിയ ഇടമറുക് 1956ൽ എഴുതി ഒപ്പിട്ടു പ്രസിദ്ധീകരിച്ച കരടുപദ്ധതിയും ഏ. വി. ജോസിന്റെ ഭരണഘടനാ ഭേദഗതിയും വായനക്കാരുടെ വിധിക്കായി വിടുന്നു. ജോസിന്റെ ഭേദഗതി അംഗീകരിച്ചാൽ കർദ്ദിനാളും കത്തനാരും ശാന്തിക്കാരനും മൗലവിമാരും യുക്‌തിവാദി സംഘം പിടിച്ചടക്കുമെന്നു് ഉൽഘോഷിച്ച ഇടമറുകിനു് തന്റെ കരടുപദ്ധതിയുടെ അടിസ്ഥാനത്തിൽ സംഘടന സ്ഥാപിച്ചിരുന്നെങ്കിൽ പുരോഹിത പ്രവരൻമാർ യുക്‌തിവാദി സംഘടനയിൽ വരുമായിരുന്നില്ലെന്നു പറയുവാൻ കഴിയുമോ? കാലത്തിനനുസരിച്ചും വ്യക്‌തികളെ നോക്കിയും കോലം കെട്ടുകയും വിമർശനം നടത്തുകയും ചെയ്യുന്ന അവസരവാദിയായ ഇടമറുകിന്റെ ജീവചരിത്രം നിരീക്ഷണ പരീക്ഷണങ്ങൾക്കു വിധേയമാക്കുന്നതു് യുക്‌തിവാദികളുടെ വ്യക്‌തിപരമായ ഭാഗധേയത്തിനുകൂടി ഉപകാരപ്രദമായിരിക്കുമെന്നു പ്രസ്താവിച്ചു കൊള്ളട്ടെ!

ഇതിനൊരുദാഹരണമായി ഇടമറുകിന്റെ ഒരാരോപണം തന്നെ ഞാൻ എടുക്കുകയാണ്. അതു് ടാററായുടെ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരൊക്കെ ടാററാ മുതലാളിയുടെ പാദസേവകരാണെന്ന അദ്ദേഹത്തിന്റെ യുക്‌തിവാദമാണ്. ഞാനും ചില സഹപ്രവർത്തകരും അത്തരക്കാരാണത്രെ! എന്നാൽ വർഗ്ഗീയ-മത

മുതലാളിത്ത താൽപര്യങ്ങളുടെ സംരക്ഷകരായ കുത്തക പത്രസ്ഥാപനങ്ങളിൽ പ്രവർത്തിക്കുകയും പ്രവൃത്തി എടുത്തുവരുകയും ചെയ്യുന്ന ഇടമറുകിനെ അദ്ദേഹത്തിൻെറ വാദമുഖം സ്വീകരിച്ച് പിന്തിരിപ്പനും പാദസേവകനുമായി മുദ്രകുത്താൻ എൻെറ യുക്തിബോധത്തിനു സാദ്ധ്യമല്ല. അങ്ങിനെ ആയാൽ യുക്തിവാദികളിൽ വലിയൊരു വിഭാഗത്തെ പിന്തിരിപ്പൻമാരും മുതലാളിവർഗ്ഗത്തിൻെറ പാദസേവകരുമായി ചിത്രീകരിക്കയായിരിക്കും ഫലം. അതു് ഇടമറുകിനു പററും എൻെറ ചിന്താഗതിക്കു യോജിക്കുന്നില്ല. എന്നാൽ ഒരു കാര്യം. ടാററായുടെ പാദസേവകനായ എൻെറ പണം—മാനസികമായും ശാരീരികമായും അദ്ധ്വാനിച്ചുണ്ടാക്കിയ ധനം—കേരളം വിടുന്നതുവരെ ഇടമറുകിന് ഒരു വിശിഷ്ട ഭോജ്യമായിരുന്നു. അതശിക്കുന്നതിലാകട്ടെ അദ്ദേഹത്തിനു് ഒരുതരത്തിലുള്ള അയിത്തവും ഉണ്ടായിരുന്നില്ല. നോക്കണെ വിപ്ലവയുക്തിവാദത്തിൻെറ പോക്കു്.

ഞാൻ പിന്തിരിപ്പനും ബൂർഷ്വാ ചിന്താഗതിക്കാരനുമാണെന്ന ഇടമറുകിൻെറ വാദവും അദ്ദേഹത്തിൻെറ മാനസികോല്ലാസത്തിനായി അംഗീകരിക്കുന്നു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ഇടമറുക് അവസരവാദിയും പിന്തിരിപ്പനും പൊങ്ങച്ചക്കാരനുമല്ലെന്നു് പറയാൻ ആർക്കെങ്കിലും കഴിയുമോ?

1. കേരള യുക്തിവാദി സംഘവും മിശ്രവിവാഹ സംഘവും സ്ഥാപിച്ചതു് ജോസഫ് ഇടമറുകാണെന്നു്, ഇടമറുകും മകൻ സനലും ചേർന്നു് അമേരിക്കയിലെ യുക്തിവാദികളെ തെററിദ്ധരിപ്പിച്ചതു്.

2. സനൽ ഇടമറുകിനെ പ്രൈമറി ക്ലാസിൽ ചേർത്തപ്പോൾ 'ക്രിസ്ത്യൻ' എന്നു് എഴുതിക്കൊടുത്തതു്.

3. സനലിൻെറ ജാതിപ്രശ്നത്തിൽ ഇടമറുകിൻെറ അവകാശവാദം സ്ഥാപിക്കാൻ മിസിസ്സ് സോളി ഇടമറുക് സനലിൻെറ സ്ക്കൂൾ സർട്ടിഫിക്കററ് തിരുത്തി അതിൻെറ ഫോട്ടോസ്ററാററ് കോപ്പി മി. പവനൻവഴി എനിക്കയച്ചു തന്നതു്. (സർട്ടിഫിക്കററ് തിരുത്തിയത് സനലാണെന്നു കൈപ്പടകൊണ്ട് സംശയിക്കുന്നു)

4. ഇടമറുക് പള്ളിക്കഥകളും മെത്രാന്മാരുടെ ജീവചരിത്രവും എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളതു്.

5. ഓണം ഹിന്ദുക്കളുടെ ഒരു മതാഘോഷമായിരിക്കെ തൻെറ ഗ്രന്ഥങ്ങൾ ഓണസമ്മാനമായി വാങ്ങി സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും കൊടുക്കാൻ ഇടമറുക്. പത്രപരസ്യം നടത്തിയതു്.

6. കർഷക രാജാക്കന്മാരും വിദേശ കുബേരന്മാരുമായി മക്കളുടെ വിവാഹത്തിലൂടെ ബന്ധം സ്ഥാപിച്ചതു്.

7. പോലീസ് മേധാവികളെ സ്തുതിച്ച് ലേഖനങ്ങൾ എഴുതിയതു്.

8. അടിയന്തിരാവസ്ഥയെ പ്രകീർത്തിച്ച് തേരാളിയിൽ മുഖപ്രസംഗം എഴുതിയതു്.

9. തൻെറ പ്രതിമാസ വരുമാനത്തിൻെറ പേരിൽ ഒരു സുഹൃത്തിനോടു വീരവാദം മുഴക്കിയതു്. (1981ൽ)

ഇങ്ങിനെ ഒട്ടേറെ കാര്യങ്ങളുള്ളതിൽ വിസ്താരഭയത്താൽ ഏതാനും ചിലതേ മുകളിൽ കൊടുത്തിട്ടുള്ളു. എന്നാൽ പൂനയിലെ മി. തോമാസിനു് ഇടമറുകിൽനിന്നുണ്ടായ അനുഭവ (കേരളത്തിലുള്ളവരുടെ കാര്യം വിടുന്നു) ത്തെപ്പററി അന്വേഷിച്ചാൽ ഇതിലും രസാവഹവും വേദനാജനകവുമായ പലതും അറിയാൻ കഴിയും.

ഇതേപ്പററി ഒക്കെ ആലോചിക്കുമ്പോൾ പണ്ടൊരു വിപ്ലവകാരിയെക്കുറിച്ച് ഒന്നുരണ്ടു പ്രശസ്തരായ സുഹൃത്തുക്കൾ പറഞ്ഞ അനുഭവകഥ ഞാൻ ഓർത്തുപോകുന്നു. വിപ്ലവപ്രസ്ഥാനങ്ങളുടെ മറപററി ആഡംബരപൂർണ്ണമായ ജീവിതം നയിക്കുന്നതിനു് കള്ളത്തോക്കു വിററു നടന്നിരുന്ന ഒരു നേതാവായിരുന്നത്രെ കഥാപുരുഷൻ. ഒരിക്കൽ യാത്രാമദ്ധ്യേ അദ്ദേഹവും കള്ളത്തോക്കും പോലീസിൻെറ പരിശോധനയ്ക്കു വിധേയമാകുന്നനിലവന്നു. അപ്പോൾ വിപ്ലവകാരി എന്തു ചെയ്തെന്നോ? കള്ളക്കൈത്തോക്കുവച്ചിരുന്ന തൻെറ സൂട്ട്കേസ് മൂത്രമൊഴിക്കാനെന്ന ഭാവത്തിൽ ഒരു സഹപ്രവർത്തകനെ ഏൽപിച്ചു സ്ഥലം വിട്ടുകളഞ്ഞു. ഇടമറുകിൻെറ വാദഗതിയും ആരോപണവും കണ്ടപ്പോൾ ഈ കള്ളത്തോക്കു വ്യാപാരിയുടെ തന്ത്രമാണ് ഓർമ്മയിൽ വന്നതു്. ഈ കഥാപാത്രത്തെപോലെ മററുള്ളവരെ ബലിയാടാക്കി തന്ത്രപൂർവ്വം രക്ഷപ്പെട്ടു മാന്യനാവാൻ മേലിൽ ഇടമറുക് ശ്രമിക്കാതിരിക്കുന്നതു കൊള്ളാം.

# യുക്തിവാദികളും കുഞ്ഞാടുകളും

**വി. പി. ചാത്തുക്കുട്ടി, പിണറായി**

കേരള യുക്തിവാദിസംഘത്തിലെ ഒരംഗമല്ല ഞാൻ. എന്നിരുന്നാലും ഒരു യുക്തിവാദിയാണ് ഞാനെന്നു് പറയാൻ എനിക്ക് മടിയില്ല. എനിക്ക് പരിചയമുള്ളവരോട്, ഞാനുമായി ബന്ധപ്പെടുന്നവരോട് അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരായി ഞാൻ സംസാരിക്കുന്നു. വിശ്വാസികളിൽ യുക്തിബോധം വളർത്താൻ ഞാൻ ശ്രമിക്കുന്നു. സന്തത സഹചാരികളായ എൻെറ ഭാര്യയും കുട്ടികളും യുക്തിബോധം ഉള്ളവരാണ് എന്നതിൽ ഞാൻ കൃതാർത്ഥനാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് യുക്തിവാദി സംഘത്തിൻെറ, അംഗമായി, അംഗീകാരം വാങ്ങാൻ ഞാൻ ഇതുവരെ ശ്രമിച്ചിട്ടില്ല.

കേരള യുക്തിവാദിസംഘത്തിൻെറ അംഗമല്ല എന്നതുകൊണ്ടുമാത്രം സംഘത്തിൻെറ ചെയ്തികളെ വിമർശിക്കാൻ പാടില്ലെന്നു് വരുമോ? അങ്ങനെ വരില്ല എന്നാണ് എൻെറ വിശ്വാസം. കാരണം നമ്മളെല്ലാം യുക്തിവാദികളാണല്ലോ.

ഒരു സംശയം ചോദിക്കട്ടെ. ആരാണീ ഇടമറുക്?

രണരേഖയുടെ 1984 മെയ് ലക്കത്തിൽ ''യുക്തിവാദി സംഘത്തെ തകർക്കാൻ അവസരവാദികൾ അണിനിരക്കുന്നു'' എന്ന ഇടമറുകിൻെറ ലേഖനം വായിച്ചപ്പോഴാണ് ഈ സംശയം ഉദിച്ചതു്. എ. വി. ജോസിൻെറ ഭരണഘടനാ ഭേദഗതി യുക്തിവിചാരത്തിൽ വന്നത് കണ്ടു് പേടിച്ചരണ്ട പല യുക്തിവാദി സുഹൃത്തുക്കളും ഇടമറുകിന് എഴുതിയത്രേ! ഇടമറുക് ഉടനെ പ്രസ്തുത വിഷഗുളികയുടെ അപകട സാദ്ധ്യതയെപ്പററി കേരളത്തിലെ യുക്തിവാദി സുഹൃത്തുക്കളെ പറഞ്ഞു മനസ്സിലാക്കിക്കുന്നു.

ഇടമറുക് ചെയ്തത് നല്ലകാര്യമാണ്. പക്ഷെ കേരളത്തിലെ ഈ പല യുക്തിവാദികളായ കുഞ്ഞാടുകൾ അങ്ങ് ഡൽഹിയിലുള്ള ഇടമറുകിൻെറ തിരുമുമ്പിലേക്കു് പാഞ്ഞെത്തിയതിൻെറ പൊരുൾ മനസ്സിലാവുന്നില്ല. പല യുക്തിവാദികളും പ്രസ്തുത വിഷഗുളികയെപ്പററി തനിക്കെഴുതി എന്നു് പവനൻ പറഞ്ഞാൽ

മനസ്സിലാക്കാം കലാനാഥൻ പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷെ യുക്തിവാദിസംഘത്തിൻെറ ഒന്നുമല്ലാത്ത ഇടമറുക് പരമാധികാര സ്വരത്തിൽ പറഞ്ഞതാണ് മനസ്സിലാവാത്തത്. നാലക്ക സംഖ്യ വരുമാനത്തോട് മററൊരു നാലക്ക സംഖ്യ കൂട്ടിച്ചേർക്കാൻ ആദശം കളഞ്ഞുകുളിച്ച യുക്തിവാദിയാണ് നാരായണൻ പേരിയ എന്ന് കുററപ്പെടുത്തി വേറെ ചില കുഞ്ഞാടുകൾ ഡൽഹിയിലുള്ള സനലിൻെറ സന്നിധാനത്തിൽ ആവലാതി ബോധിപ്പിക്കുന്നു. എല്ലാ എഴുത്തുകളുടെയും ഫോട്ടോ സ്റ്റാററുമായി വിശദീകരണം തേടുന്നു നാരായണൻ പേരിയയോട് സനൽ. അപ്പോൾ അന്വേഷിച്ചു പോവുകയാണ്; ആരാണീ സനൽ? പാവങ്ങളായ കുഞ്ഞാടുകൾ യുക്തിവാദിസംഘത്തിലും അടിഞ്ഞു കൂടിയിട്ടുണ്ടോ?

യുക്തിവാദികൾ സ്വതന്ത്രരാണ്. ഒരു യുക്തിവാദിയെ വലയം ചെയ്യുന്ന ചട്ടക്കൂട് യുക്തിവാദം മാത്രമാണ്. മററൊരു ചട്ടക്കൂടിനുള്ളിലും ഒരു യുക്തിവാദിക്ക് ഒതുങ്ങിനില്ക്കാൻ സാദ്ധ്യമല്ല. ഭരണഘടന എന്ന ചട്ടക്കൂട് അസ്വാതന്ത്ര്യത്തിൻെറ ചട്ടക്കൂടാണ്. എന്താണ് സ്വാതന്ത്ര്യം? തങ്ങളുടെ വിചാരങ്ങളും വികാരങ്ങളും സാമാന്യ മര്യാദയോടെ മററുള്ളവരുടെ മുമ്പിൽ തലയുയർത്തി പറയാനും പ്രകടിപ്പിക്കാനുമുള്ള തൻേറടമാണ് സ്വാതന്ത്ര്യമെന്ന് യുക്തിവാദിക്ക് നന്നായി അറിയാം. ഈ തൻേറടം ഇല്ലാതിരുന്നതുകൊണ്ടാണ് എം. ബി. കെ. ക്ക് ക്ഷമായാചനം ചെയ്യേണ്ടി വന്നത്. പ്രസിഡണ്ട് പദം അലങ്കരിക്കേ പവനൻപോലും മാപ്പ് ചോദിക്കേണ്ടി വന്നത് ആ തൻേറടത്തിൻെറ അഭാവം മൂലമാണ്. ആ തൻേറടം പ്രകടിപ്പിച്ചതുകൊണ്ടാണ് നാരായണൻ പേരിയ പുറത്ത് പോകേണ്ടിവന്നത്. തൻേറടമുള്ളവർ പുറത്താക്കപ്പെടുന്നു. ഒളിച്ചുകളി നടത്തിയ മററുചിലർ പിൻവാതിലിലൂടെ അകത്ത് കയറുന്നു. അവരെ അകത്ത് കയററുന്നു. യുക്തിവാദികളിലും ഒളിച്ചുകളിയോ?

ഞാനൊന്നു ചോദിക്കട്ടെ, യുക്തിവാദിസംഘത്തിൻെറ അംഗമായാൽ മാത്രമെ യുക്തിവാദി പ്രവത്തനങ്ങൾ നടത്താൻ പാടുള്ള എന്നൊന്നുമില്ലല്ലോ. എന്തിന് നാരായണൻ പേരിയയെ സംഘത്തിൽനിന്നു് പുറത്താക്കി? അതുകൊണ്ട് സംഘത്തിന് എന്തു നേട്ടമുണ്ടായി? ഒരു കാര്യം വ്യക്തമാണ്. സംഘത്തിൻെറ

പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ തുടങ്ങിയ ഉന്നത സ്ഥാനങ്ങളിൽ കടന്നുകൂടാൻ നാരായണൻ പേരിയസ്സ്ക്ക് സാധ്യമല്ലാതെ വരും. അങ്ങനെ വല്ല സ്ഥാനവും നാരായണൻ പേരിയസ്സ് കൊട്ടക്കേണ്ടി വരുമായിരുന്നെങ്കിൽ ആ സ്ഥാനം പുത്തൻ തീപ്പൊരി യുക്തിവാദികൾക്ക് ലഭിക്കാൻ സാദ്ധ്യത കൂടി, അത്രമാത്രം.

ഇതുവരെ വെളിച്ചം കാണാത്ത കോവൂരിന്റെ ലേഖനങ്ങളുടെ സമാഹാരമെന്ന് പത്രമായ പത്രങ്ങളിലൊക്കെ പരസ്യപ്പെടുത്തി പതിനഞ്ച് രൂപയ്ക്ക് വിററഴിച്ച ഇടമറുക് എഴുതിയ "കോവൂരിന്റെ ഡയറി" എന്ന പുസ്തകം എല്ലാവരും വായിച്ചു കാണും. യഥാർത്ഥത്തിൽ ഇടമറുക് തന്നെ അതിന്ന് മുമ്പ് പ്രസിദ്ധപ്പെടുത്തിയ ഡോ: കോവൂരിന്റെ ഓർമ്മക്കുറിപ്പിലുള്ള നാലോ, അഞ്ചോ കാര്യങ്ങൾ പ്രസ്തുത കോവൂരിന്റെ ഡയറിയിലും അച്ചടിച്ചു വന്നു. യുക്തിവാദികൾ തട്ടിപ്പുകാരോ എന്ന് ചോദിച്ചുകൊണ്ട് ആ രണ്ട് പുസ്തകങ്ങളിലും വന്ന ഒരേ കാര്യങ്ങൾ ഞാൻ ഇടമറുകിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഒരു പശ്ചാത്താപ പ്രകടനത്തിന് പോലും അദ്ദേഹം ഇന്നുവരെ തയ്യാറായില്ല. അപ്പോൾ കാര്യമിതാണ്, തട്ടിപ്പായാലും വെട്ടിപ്പായാലും നാല് കാശ് സമ്പാദിക്കണം. യുക്തിവാദത്തിന്റെ പേരിലായാൽ ഞങ്ങൾ, കുഞ്ഞാടുകൾ, എന്തും സഹിച്ചുകൊള്ളുമെന്ന് അദ്ദേഹം കരുതിയിരിക്കണം.

യുക്തിവാദി സംഘത്തിന്റെ പ്രസിഡണ്ട്, സെക്രട്ടറി പദങ്ങൾ അലങ്കരിക്കുന്നവർ തികഞ്ഞ യുക്തിവാദികളായിരിക്കണം. മററുള്ളവർക്കൊരു മാതൃകയാകാൻ യോഗ്യരായവർ അത്തരം സ്ഥാനങ്ങളിൽ ഇരിക്കാവൂ—ഇരുത്താവൂ. ശ്രീ. പ്രഭ ചൂണ്ടിക്കാട്ടിയത് ഞാൻ ഓർക്കുന്നു. യുക്തിവാദികളുടെ യോഗത്തിൽ സംഘത്തിന്റെ അദ്ധ്യക്ഷൻ അദ്ധ്യക്ഷ പീഠത്തിലിരുന്നുകൊണ്ട് കൂടെ കൂടെ സിഗരററ് വലിച്ച് പുകച്ചുരുൾ ചങ്ങലപോലെ ഉയർത്തുന്നത് പരിഹാസ്യമായിത്തോന്നുന്നു. യുക്തിവാദി സംഘത്തിന്റെ അദ്ധ്യക്ഷ പദവിക്ക് അത്തരക്കാർ അർഹരല്ല. നീണ്ട ഇരുപതോ ഇരുപത്തിയഞ്ചോ വർഷക്കാലം നിഴൽപോലെ കഴിഞ്ഞുകൂടിയ ഭാര്യയിലും മക്കളിലും യുക്തിബോധത്തിന്റെ കണികപോലും വളർത്താൻ കഴിയാത്തവർക്കും യുക്തിവാദി സംഘത്തിന്റെ അദ്ധ്യക്ഷ പദവിയിൽ ഇരിക്കാൻ യോഗ്യതയില്ല. സാമൂഹ്യജീവിയാണ് മനുഷ്യനെന്നിരിക്കേ സമൂഹവുമായി ഇടപെടുമ്പോൾ ചെയ്യേണ്ടി

വരുന്ന പ്രവർത്തനങ്ങളിൽ നിന്ന് വളഞ്ഞ വഴിയിലൂടെ ഒളിച്ചോടാൻ ശ്രമിക്കുന്ന ഭീരുക്കളും യുക്തിവാദി സംഘത്തിന്റെ ഉന്നത സ്ഥാനത്തിരിക്കാൻ യോഗ്യത ഉള്ളവരല്ല. യുക്തിവാദത്തിന്റെ മറയിൽ നിന്നുകൊണ്ട് തട്ടിപ്പും വെട്ടിപ്പും നടത്തി പണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ, അവർ എത്ര വലിയ വമ്പന്മാരായാലും ശരി, ഒരു യൂണിററിന്റെ പോലും പ്രസിഡണ്ടാവാൻ കൊള്ളാത്തവരാണ്.

ഇങ്ങനെ നോക്കുമ്പോൾ പവനനേക്കാൾ, എം. ബി. കെ.യേക്കാൾ ലോകപ്രസിദ്ധനായ ഇടമറുകിനേക്കാൾ പ്രസിഡണ്ട് പദത്തിന് അർഹൻ നാരായണൻ പേരിയയാണ്. സമൂഹവുമായി ഇടപഴകിയപ്പോൾ പററിപ്പോയ ഒരു പാളിച്ചയുടെ പേരിൽ എക്സിക്യൂട്ടീവ് അംഗത്വം രാജിവയ്ക്കുവാൻ തന്റേടം കാണിച്ച നാരായണൻ പേരിയ അഭിനന്ദനാർഹനല്ലേ? മാപ്പു പറഞ്ഞു് പിൻവാതിലിലൂടെ സ്ഥാനത്ത് കയറിപ്പററാൻ അദ്ദേഹം ശ്രമിച്ചില്ല എന്നത് അദ്ദേഹത്തിന്റെ യോഗ്യതക്ക് മാററുകൂട്ടുന്നില്ലേ? വിശ്വാസിയായ ഭാര്യയെ ഒരു കൊല്ലംകൊണ്ട് യുക്തിവാദിയാക്കി മാററാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ പവനനേക്കാൾ എം. ബി. കെ.യേക്കാൾ മികച്ച യുക്തിവാദിയല്ലേ നാരായണൻ പേരിയ.

ശ്രീ. പ്രഭ ആശിക്കുന്നു; യുക്തിവാദികൾ ഉന്നതമായ സംസ്കാരത്തിന്റെ മൂല്യങ്ങൾ ഉയർത്തിക്കാട്ടണമെന്ന്. യുക്തിവാദികളുടെ ഉന്നതമായ സംസ്കാര മൂല്യങ്ങൾ കണ്ണൂരിൽ വച്ചു നടന്ന 9–ാം സംസ്ഥാന സമ്മേളനത്തിന്റെ പരിസരത്ത് വച്ച് ഞാൻ കണ്ടു! സമ്മേളന സ്ഥലമായ ടൗൺഹാളിന്റെ അങ്കണത്തിലും, കോലായിലുമായി നാരായണൻ പേരിയ ചുററിനടക്കുന്നു. സാധാരണക്കാരായ ചില സുഹൃത്തുക്കളുമായി അദ്ദേഹം സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. പക്ഷെ കൊലകൊമ്പന്മാർ അദ്ദേഹത്തെ കണ്ടില്ല എന്നു് നടിച്ചത് ഖേദകരമായിപ്പോയി. സംഘത്തിൽ നിന്നും പുറത്താക്കപ്പെട്ട നിലയ്ക്ക് അദ്ദേഹം സമ്മേളന സ്ഥലത്ത് വരില്ല എന്നായിരുന്നു ഞാൻ കരുതിയത്. പക്ഷെ നാരായണൻ പേരിയ യുക്തിവാദിയാണല്ലോ. അദ്ദേഹം വന്നു; ക്ഷണിച്ചില്ലെങ്കിലും. വന്ന നിലക്ക്, നികൃഷ്ടനെങ്കിലും, കയറിയിരിക്കാൻ പറയാമായിരുന്നു ഭാരവാഹികൾക്ക്. നമ്മൾ യുക്തിവാദികൾ ആ സംസ്കാരം കാണിച്ചില്ല.

വടംവലിയും, കാലു വാരലും നടക്കുന്ന രാഷ്ട്രീയ സംഘടനകളുടെ ഒരു യോഗമായി മാറി 9-ാം സംസ്ഥാന സമ്മേളനത്തിന്റെ രണ്ടാം ദിവസം. എ. വി. ജോസിന്റെ ഭരണഘടനാ ഭേദഗതി തങ്ങാം തലേദിവസം ചേർന്ന എക്സിക്യൂട്ടീവിൽ വച്ച് സമ്മേളനത്തിൽ അവതരിപ്പിക്കാൻ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചുവെന്ന് പ്രസിഡണ്ട് യോഗത്തിൽ പ്രഖ്യാപിക്കുന്നു. തുടന്ന് അഭിപ്രായ സ്വാതന്ത്ര്യത്തിന്റേയും പ്രസംഗ സ്വാതന്ത്ര്യത്തിന്റേയും പേരിൽ പ്രസ്തുത ഭേദഗതി സമ്മേളനത്തിൽ വായിക്കാൻ എ. വി. ജോസിനെ പ്രസിഡണ്ട് ക്ഷണിക്കുന്നു. എ. വി. ജോസ് അക്ഷോഭ്യനായി, എന്നാൽ ശാന്തഗംഭീരനായി പക്വതയോടെ തന്റെ ഭരണഘടനാ ഭേദഗതി സമ്മേളനത്തിൽ വായിക്കുന്നു. തന്റെ വാദം സമർത്ഥിക്കുന്നു അപ്പോഠം പ്രസിഡണ്ടിന്റെ ഒരു ചോദ്യം; പ്രതിനിധികളോട്. ഇത് ചർച്ച ചെയ്യേണ്ടതുണ്ടോ എന്ന്. ഒരു തീപ്പൊരി യുക്തിവാദി ചർച്ച ചെയ്യേണ്ടതില്ലെന്ന് എഴുന്നേററു നിന്ന് പറയുന്നു. പ്രസിഡണ്ട് പരിപാടിയിലെ അടുത്ത ഇനത്തിലേക്ക് കടക്കുന്നു. യഥാർത്ഥത്തിൽ ആഭാസമായിപ്പോയി ഈ നടപടികഠം.

എന്തു തീരുമാനവും കൈക്കൊള്ളാനും തള്ളിക്കളയാനും ഉള്ള പരമാധികാരം ജനറൽബോഡിക്കിരിക്കേ എക്സിക്യൂട്ടീവ് എടുത്ത തീരുമാനത്തെ ജനറൽബോഡിയെക്കൊണ്ട് അംഗീകരിപ്പിച്ച രീതിയും, ഭരണഘടനാ ഭേദഗതി വായിച്ചപ്പോഠം, കേവലം മോഞ്ഞായത്തിനു്, ഇത് ചർച്ച ചെയ്യേണ്ടതുണ്ടോ എന്ന പ്രസിഡണ്ടിന്റെ ചോദ്യവും വേണ്ടതില്ല എന്ന ഒരു കുഞ്ഞാടിന്റെ മറുപടിയും എല്ലാം പ്രതിനിധികളുടെ അവകാശത്തിന്റെ മേൽ ചളിവാരി എറിയലായേ എനിക്ക് തോന്നിയുള്ളൂ; അപമാനിക്കലായേ എനിക്ക് തോന്നിയുള്ളൂ.

ഏതായാലും യുക്തിവാദികളുടെ ഈ പോക്ക് നല്ലതിനല്ല. തീപ്പൊരിക്കാരും, പക്വമതികളും, ഇടമറുക് ഗ്രൂപ്പും, ജോസ് ഗ്രൂപ്പും, പവനൻ ഗ്രൂപ്പും, പേരിയ ഗ്രൂപ്പും വട്ടമിട്ടിരുന്ന് കഴിഞ്ഞ കാല ചെയ്തികളെ ഒന്നു വിലയിരുത്തി സൗഹൃദത്തോടെ പരസ്പര വിശ്വാസത്തോടെ ഇനി അങ്ങോട്ട് എങ്ങിനെ പോകാൻ കഴിയുമെന്നതിനെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. നമുക്ക് യുക്തിവാദികഠംക്ക് അതിനു കഴിയും എന്നാണെന്റെ വിശ്വാസം. □

# യുക്തിവാദത്തിന്റെ പരിപ്രേക്ഷ്യം

**എം. ബി. കെ.**

ജൂൺ ലക്കം യുക്തിവിചാരത്തിൽ യുക്തിവാദവും കുടുംബ ജീവിതവും എന്നൊരു ലേഖനം കണ്ടു. ലേഖകൻ ശ്രീ. എം. കെ. എസ്. കോഴിക്കോട്. നല്ലൊരു വിഷയമായിരുന്നു അത്. എന്നാൽ ശീർഷകം സൂചിപ്പിക്കുന്നതുപോലെ വിഷയം ഗൗരവ പൂർവ്വം കൈകാര്യം ചെയ്തു കണ്ടില്ല. വ്യക്തി സ്വാതന്ത്ര്യത്തെപ്പററിയും സ്ത്രീ സ്വാതന്ത്ര്യത്തെപ്പററിയും ലേഖകൻ വല്ലാത്ത ആശയ കുഴപ്പത്തിലാണെന്ന് ആ ലേഖനം വ്യക്തമാക്കുന്നു. വനിതാ വിമോചനത്തിന്റെ തരംഗങ്ങൾ യുക്തിവാദത്തിന്റെ സീമയിൽ തുടിക്കേണ്ടതാണ്.

ലേഖനത്തിലെ ഈ വാചകം ശ്രദ്ധിക്കുക:

''പുരുഷന്മാരെ അകററി നിർത്തി അന്യന്മാരോടു 'ഞായം' പറയാൻ ഒരുമ്പെടുന്ന ഒരുതരം സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ട്.'' ഈ ശബ്ദം യുക്തിവാദത്തിന്റേതല്ല. ഫ്യൂഡൽ സംസ്കാരത്തിൽ അടിയുറച്ചു നിൽക്കുന്ന പുരുഷമേധാവിത്വത്തിന്റെ കർക്കശവും അവജ്ഞാഗർഭവുമായ അപലപനീയമായ ഒരു സ്വരവും വികാരവുമാണതിൽ തുടിച്ചു നിൽക്കുന്നതു്. 'ഒരുമ്പെട്ടോരു പെണ്ണു്' എന്ന ചേതോവികാരം ആ വാക്യത്തിൽ ആധിപത്യം ചെലുത്തി നിൽക്കുന്നു. എന്താണിങ്ങിനെ എഴുതിയതെന്നല്ലേ?

''ഈ കുറിപ്പെഴുതാൻ കാരണം മെയ് ലക്കം യുക്തിവിചാരത്തിൽ ശ്രീമതി. കെ. ശാന്തകുമാരി എഴുതിയ ഒരു കത്താണ്''

തുടർന്നദ്ദേഹം എഴുതുന്നു.

''ശ്രീ. എം. ബി. കെ യുടെ സഹധർമ്മിണിയാണ് ശാന്തകുമാരി. അദ്ദേഹത്തിന്റെ അറിവൊ അനുവാദമൊ പ്രേരണയൊ കൂടാതെയാണ് അദ്ദേഹത്തിന്റെ ഭാര്യ ആ കത്തെഴുതിയതു് എന്നു് വായനക്കാർ വിശ്വസിക്കുമെന്നു് ശ്രീ. എം.ബി.കെ. വിശ്വസിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല.''

മറെറാരിടത്തെഴുതിയതിങ്ങിനെയാണ്.

''ആ കത്തിൽ എം.ബി.കെ.ക്കു് യാതൊരു പങ്കുമില്ലെന്നും

അദ്ദേഹം അതിനെപ്പററി അറിയുന്നതു തന്നെ യുക്തിവിചാരത്തിൽ കൂടി മാത്രമാണെന്നും എല്ലാവരും വിശ്വസിക്കണമെന്ന് ഞാനും കൂടി അപേക്ഷിക്കുന്നു.'' ലേഖകൻ വികാരഭരിതനായി പ്രശ്നത്തിൽ യുക്തിവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്നും വളരെ ദൂരം അകന്നുപോയതാണ് ഈ വൈരുദ്ധ്യത്തിന്റെ പ്രധാന കാരണം. ശാന്തകുമാരിയുടെ കത്തിന്റെ ഉള്ളടക്കത്തിലുള്ള വസ്തുതയെ വിമർശിക്കുകയൊ അത് തെററാണെന്ന് കാണിക്കുകയൊ ചെയ്യുന്നത് ആർക്കും മനസ്സിലാക്കാം. പക്ഷെ, അങ്ങിനെയൊരു കത്തെഴുതാൻ ഭർത്താവിന്റെ അനുവാദം വേണമെന്ന് ഒരു യുക്തിവാദി പറയുന്നതാണ് മനസ്സിലാവാത്തതു്. ഇവിടെ ഭർത്താവിന്റെ അറിവും അനുവാദവും ഉണ്ടായാലും ഇല്ലെങ്കിലും തന്റെ മകളെ ബാധിക്കുന്ന ഒരു പ്രശ്നത്തെപ്പററി ഒരു കത്തെഴുതുന്നത് തെററാണെന്നും അത് ''പുരുഷന്മാരെ അകററിനിർത്തി അന്യന്മാരോടു 'ഞായം' പറയാൻ ഒരുമ്പെടുന്ന ഒരുതരം സ്ത്രീ''യാണെന്നും ആക്ഷേപിക്കുന്നത് യുക്തിവാദമാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഭർത്താവിന്റെ ചൊൽപടിക്ക് നിൽക്കുന്ന അല്ലെങ്കിൽ നിൽക്കേണ്ടുന്ന ഒരു പാവമാണ് ഭാര്യ. അവർക്ക് ഭർത്താവിൽ നിന്ന് വ്യത്യസ്തമായി യാതൊരഭിപ്രായവും ഉണ്ടാവാൻ പാടില്ല. എന്നൊക്കെ ധരിച്ചുവെക്കുന്നതു് യുക്തിവാദം തന്നെയാണോ? മറെറാരു വൈരുദ്ധ്യം കൂടി ലേഖകൻ അറിയാതെ വെളിപ്പെടുത്തുന്നതു് നോക്കുക.

''സ്വന്തം കാര്യം വന്നപ്പോൾ സ്വന്തം പേര് വെച്ച് ഒരു വിശദീകരണം നൽകാൻ തയ്യാറാവാതെ ആ ഉത്തരവാദിത്തം തന്നെ ഏൽപ്പിച്ച തന്റെ ഭർത്താവിന്റെ ഭീരുത്വത്തെപ്പററി ഒന്നും പറയാനില്ല. അല്ലെങ്കിൽ എന്തിന് ആ പാവം സ്ത്രീയെ വെറുതെ കുററം പറയുന്നു?'' അഭിജ്ഞനായ ഒരു യുക്തിവാദിയായ ശ്രീ. എം. കെ. എസ്. സ്വന്തം നിലപാട് ഇങ്ങിനെ മറന്നുപോവുന്നതെന്തേ എന്ന് ;ഞാനാലോചിക്കുകയാണ്. ഇവിടെ 'സ്വന്തം കാര്യം' എന്ന വാദം ഞങ്ങളുടെ മകളുടെ വിവാഹ പ്രശ്നമാണ്. 'മകളുടെ കാര്യത്തിൽ എനിക്കുള്ള അത്രതന്നെ അവകാശവും ഉത്തരവാദിത്തവും എന്റെ ഭാര്യക്കും ഉണ്ടെന്നംഗീകരിക്കാൻ ചില യുക്തിവാദികൾക്ക് സാധിക്കില്ലായിരിക്കാം. പക്ഷെ, ആ അവകാശവും ഉത്തരവാദിത്തവും വെച്ച ശാന്തകുമാരി വസ്തുതകൾ വെച്ച ഒരു

കത്തെഴുതി. സ്ത്രീ സ്വാതന്ത്ര്യത്തെപ്പററി പോരാടാൻ പ്രതിജ്ഞാബദ്ധനാവേണ്ട ഒരു യുക്തിവാദി അതിനെ ഈ രീതിയിലാണോ സമീപിക്കേണ്ടതു്? യാഥാസ്ഥിതിക മതവിശ്വാസത്തിൻെറ സ്ത്രീയോടുള്ള സമീപനവും ഇതും തമ്മിൽ എന്തൊരു സാദൃശ്യമാണെന്നു് നോക്കുക:

''വിശുദ്ധന്മാരുടെ സർവ്വ സഭകളിലും എന്നപോലെ സ്ത്രീ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണം പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാനവർക്കധികാരമില്ല. അവർ വല്ലതും പഠിക്കാനാഗ്രഹിക്കുന്നുവെങ്കിൽ വീട്ടിൽ വെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ. സ്ത്രീ സഭയിൽ സംസാരിക്കുന്നതനുചിതമല്ലൊ.''

(ബൈബിറം: കൊറിന്ത്യർ 14:34-35)

ഇതു തന്നെ ഖുർആൻ ആവർത്തിക്കുന്നു.

''പുരുഷന്മാർ സ്ത്രീകളുടെ മേൽ കാര്യം നോക്കുന്നവരാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹു അവരിൽ ചിലർക്ക് മററു ചിലരേക്കാറം ശ്രേഷ്ഠത നൽകി. കൂടാതെ അവരുടെ മുതലുകളിൽ നിന്നു് അവർ ചിലവാക്കുകയും ചെയ്യുന്നു.'' (ഖുർ: 4:34)

''നഃ സ്ത്രീ സ്വാതന്ത്ര്യ മർഹതി.'' (മനു)

ഇതേ ആശയവും സമീപനവും സ്ത്രീകളുടെ കാര്യത്തിൽ ഒരു യുക്തിവാദി സ്വീകരിക്കാൻ പാടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ചില ഉന്നതന്മാരുടെയോ വി. ഐ. പി.കളുടെയൊ ഭാര്യമാക്കു് മാത്രമേ ഭർത്താവിൽ നിന്നും വ്യത്യസ്തമായ അഭിപ്രായവും നിലപാടും വെച്ചുപുലർത്താൻ പാടുള്ളു എന്നു് യുക്തിവാദികറം ധരിച്ചുകൂടാത്തതാണ്. മക്കളുടെ കാര്യത്തിൽ മാതാപിതാക്കറംക്കു് അവകാശവും ഉത്തരവാദിത്തവും തുല്യമാണെന്ന തത്വമാണ് യുക്തിവാദത്തിൻേറതു്. അതു് വിനിയോഗിക്കാൻ ഒരു മാതാവു് ശ്രമിച്ചാൽ അതു് തടയത്തക്കവണ്ണം ഒരു കുററമാവുന്നതെങ്ങനെയെന്നു് മനസ്സിലാവുന്നില്ല.

എം. കെ. എസ്. ആവർത്തിച്ചു പറയുന്ന ഒരാരോപണം നോക്കുക.

''തൻെറ പത്നിയെക്കൊണ്ടു് ''മൂപ്പരിവിടില്ല'' എന്ന നയം പ്രയോഗിപ്പിച്ചതു് കാരണം എം.ബി.കെ.യുടെ സംഘടനയിലുള്ള സ്ഥാനം നഷ്ടപ്പെടാതെ കഴിഞ്ഞു''. അപ്പോറം സംഘടനയില്

ള്ളവരൊക്കെ ഒന്നുമറിയാത്ത ഒന്നിനും കൊള്ളാത്തവരും എം. ബി. കെ. യുടെ സ്ഥാനം നിലനിർത്താൻ വ്യഗ്രതപ്പെട്ടവരു മാണല്ലെ? ഏതായാലും എം. കെ. എസ്. ൻെറ അഭിജ്ഞതയും അഹംബോധവും ശ്ലാഘനീയമാണ്. അദ്ദേഹത്തിൻെറ വികാരം പ്രവഹിക്കുന്നു: ''തൻെറ പൗരുഷവും വ്യക്തിസ്വാതന്ത്ര്യവും കളഞ്ഞു കുളിച്ച്, നിസ്സഹായനായി നിന്ന്, തൻെറ ഭാര്യയെക്കൊണ്ട് യുക്തിവിചാരത്തിൽ എന്തിന് ഇങ്ങിനെ ഒരു കത്തെഴുതിച്ചു എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്.''

എൻെറ സ്ഥാനം നഷ്ടപ്പെടാതിരിക്കാനാണ് എന്ന് മുക ളിലദ്ദേഹം തീരുമാനിച്ചു കഴിഞ്ഞതാണ്. പിന്നീടാണത്ഭുതം വരുന്നത്. ഈ ആശയക്കുഴപ്പം അഭിജ്ഞനായ ഈ യുക്തിവാദി ക്കെങ്ങിനെയുണ്ടായി? ഭാര്യാ ഭർത്തൃ ബന്ധത്തിൽ ഭാര്യ, ഭർത്താ വിൻെറ കേവലമൊരു നിഴൽ മാത്രമാണെന്ന ധാരണയായിരി ക്കണം എം. കെ. എസിനെ ഭരിച്ചത്. അത് യുക്തിവാദത്തിൻെറ പരിപ്രേക്ഷ്യത്തിനന്യമാണെന്ന് എന്തുകൊണ്ടോ അദ്ദേഹം ഓർത്തി ല്ലായിരിക്കാം. അതുകൊണ്ടാണ് എൻെറ പൗരുഷത്തെയും വ്യക്തി സ്വാതന്ത്ര്യത്തെയും എടുത്തുകാട്ടി പ്രകോപിപ്പിക്കാൻ ശ്രമിച്ചത്. അതുപോലെതന്നെ സ്ത്രീത്വവും വ്യക്തിസ്വാതന്ത്ര്യവും മറുവശത്തു മില്ലേ? അതിനെ സാമ്പത്തിക മേധാവിത്വത്തിൻെറ ശക്തി പ്രയോഗിച്ചു തടയാൻ ഞാൻ തുനിഞ്ഞില്ല. യുക്തിവാദത്തിൻെറ പരിപ്രേക്ഷ്യം എന്നെ പഠിപ്പിച്ചതങ്ങിനെയാണ്. അതാണ് ശരിയായ സമീപനം എന്നെനിക്ക് തോന്നി.

യുക്തിവാദിസംഘത്തിലംഗമല്ലാത്ത പ്രായപൂർത്തിയെത്തി ക്കഴിഞ്ഞ മകളെ യുക്തിവാദത്തിൻെറ പരിവേഷത്തോടുകൂടി ത്തന്നെ വിവാഹം ചെയ്തു കൊടുക്കാൻ ഞാനാവുന്നതും ശ്രമിച്ചു. വർഷങ്ങൾ കാത്തുനിന്നു. സഹപ്രവർത്തകർക്കറിയാവുന്ന കാര്യങ്ങ ളാണിതൊക്കെ. ആ ശ്രമങ്ങൾ വിജയിച്ചില്ല. അതെൻെറ ഒരു പരാജയവും ദൗർബ്ബല്യവുമാണ്. അതിൽ പൗരുഷത്തിൻെറ പ്രശ്ന മുണ്ടെന്നെനിക്ക് തോന്നുന്നില്ല. എൻെറ വീക്ഷണമനുസരിച്ചു ബലിയാടാവാൻ മററുള്ളവർ തയ്യാറായില്ല. അതിനവർക്ക് സ്വാത ന്ത്ര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്.

എം.കെ.എസ്. പ്രശ്നങ്ങളെ കൂട്ടിക്കുഴച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന രീതി നോക്കുക:

''നൂറ് ശതമാനം യുക്തിവാദിയായ ഒരു പ്രശസ്തനായ

യുക്തിവാദി'' ചെയ്തതുപോലെതന്നെയാണൊ എൻെറ പ്രശ്നം? എന്നാൽ പിന്നെ ഈ കുമ്പസാരത്തിൻെറ അർത്ഥമെന്താണ്? ''സ്വാഭാവികമായും രണ്ടുപേരുടെ കൈകളിലും അല്പം ചളി പററിയിട്ടുണ്ട്''. വസ്തുനിഷ്ഠമായ ഒരു വിശകലനമാണൊ ഇത്? എം. കെ. എസിനു് ഉപ്പും ഉപ്പിലിട്ടതും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തതെന്തേ എന്നു് ഞാനാലോചിക്കുകയാണ്. യുക്തിവാദവും കുടുംബജീവിതവുമെന്ന ലേഖനത്തിലുടനീളം യുക്തിവാദരഹിതമായ സമീപനങ്ങളും വികാരങ്ങളുമാണദ്ദേഹം പ്രകടിപ്പിച്ചതു്. ഒടുവിൽ അദ്ദേഹം ചെന്നെത്തുന്നതു് നോക്കുക: ''യുക്തിവാദി സംഘടനയിൽ, ശരിയായ ഉപദേശങ്ങളും ശിക്ഷണങ്ങളും ലഭിക്കാത്ത, പാകത കൈവരാത്ത, എടുത്തു ചാട്ടക്കാരായ കുറെ ചെറുപ്പക്കാരണധികവും. അതിരു കവിഞ്ഞ ആവേശം കാരണം യുക്തിവാദത്തിൻെറ പ്രായോഗിക വശത്തെപ്പററി ചിന്തിക്കാൻ അവർക്കു് സാധിക്കുന്നില്ല. ഒരുപക്ഷെ നേതൃസ്ഥാനങ്ങളിൽ നിന്നു് അവർക്കു് ലഭിച്ച ശിക്ഷണവും ആ രീതിയിലുള്ളതാവാം.''

കുറെക്കാലം അദ്ദേഹം നേതൃത്വത്തിലുണ്ടായിരുന്നതാണ്. ശരിയായ ഉപദേശവും ശിക്ഷണവും ലഭിച്ച എടുത്തുചാട്ടക്കാരനല്ലാത്ത ശ്രീ. എം. കെ. എസ്. സംഘടനക്കു് പുറത്തുനിന്നതാണിതിനൊക്കെ കാരണം. അതുകൊണ്ടദ്ദേഹം സംഘടനയിലും നേതൃത്വത്തിലും വരണം. ഇന്നത്തെ നേതൃത്വത്തെ ശരിയായ വഴിക്കു് നയിക്കാൻ അദ്ദേഹം ഒരു ത്യാഗമെന്ന നിലയിലെങ്കിലും അതിനു് സന്നദ്ധനാവണം. ഞങ്ങളെപ്പോലുള്ള ''എടുത്തുചാട്ടക്കാർ'' അതിന്നു് വഴിയൊരുക്കാൻ വളരെ സന്തോഷത്തോടു കൂടി തയ്യാറാണെന്നും അറിയിച്ചുകൊള്ളട്ടെ.


**യുക്തിവാദ പ്രചരണ വേദിയുടെ**
**25-ാമത്തെ ലഘുലേഖ പ്രസിദ്ധീകരിച്ചു!**

''കൊട്ടാരം മുതൽ (മന്ത്രിമന്ദിരവും) ഗ്രാമച്ചാളവരെ ഇന്നും കവടി സഞ്ചിക്കാർക്കു് സ്വാധീനമുണ്ട്. ഈ സ്വാധീനം തന്നെ ജോത്സ്യത്തിൻെറ ശാസ്ത്രീയതയുടെ അംഗീകാരമാണെന്നു് ജോത്സ്യൻമാർ അവകാശപ്പെടുന്നു''. എന്നാൽ യാഥാർത്ഥ്യം എന്തെന്നു് കാര്യകാരണ സഹിതം വിലയിരുത്തുന്ന ഒരു വിലപ്പെട്ട ലഘുലേഖ.

**ജോത്സ്യം: ശാസ്ത്രമൊ ശാസ്ത്രാഭാസമൊ**

**By യു. കലാനാഥൻ** **വില 1-50 രൂപ**

# ഇനിയും പിന്നിടാൻ ബഹുദൂരം

**ടീയാർ, തിരുവഴാംകുന്ന്**

ഏതാനും വർഷം മുമ്പ് യുക്തിവാദി സംഘം ജാതിവിരുദ്ധജാഥ നടത്തിയപ്പോൾ, ഇവിടുത്തെ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ മുഖപത്രം എഴുതിയ മുഖപ്രസംഗം ഓർമ്മവരുന്നു: ''ഈ സംഘം (യുക്തിവാദി സംഘം) ഈയിടെ കേരളത്തിലുടനീളം സഞ്ചരിച്ച് ജാതി വിരുദ്ധ പ്രചാരണം നടത്തി. ജാതിയുടെ അതിപ്രസരം തടുത്തുനിർത്താൻ ഉതകുന്ന പത്ത് ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം മുഖ്യമന്ത്രിക്ക് സമർപ്പിച്ചതിനുശേഷമേ പ്രചരണ ജാഥ പിൻവാങ്ങിയുള്ളു. മുഖ്യമന്ത്രി എന്തു ചെയ്യണമെന്നാണ്? അല്ലെങ്കിൽ ജാതിവിഷം പരിഹരിക്കാൻ സർക്കാർ എന്തു് നടപടി സ്വീകരിക്കണമെന്നാണ്? മുഖ്യമന്ത്രിക്കും സർക്കാരിനും ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാനാവില്ലെന്ന് യുക്തിബോധമുള്ള ആർക്കും അറിയാം. എന്നിരിക്കേ, പത്രങ്ങളിൽ വാർത്ത എന്നതിനപ്പുറം യുക്തിവാദി സംഘത്തിന് ഒന്നും നേടാനാവില്ല...പ്രസംഗിച്ചാൽ ജാതി പോകുമോ! നടന്നാൽ ജാതി പോകുമോ? ...'' (ദേശാഭിമാനി വാരിക: 20-5-79)

കഴിഞ്ഞ വർഷം ഇതേ പത്രത്തെ നയിക്കുന്ന രാഷ്ട്രീയ കക്ഷി, ലക്ഷക്കണക്കിൽ യുവാക്കളെ അണിനിരത്തിക്കൊണ്ടു് വർഗീയ വിരുദ്ധജാഥ നടത്തി! മാമാങ്കത്തിന് ചാവേർ പടയാളികൾ പോയിരുന്നതുപോലെ വെള്ളക്കൊടിയുമുയർത്തി ഊർജ്ജസ്വലരായ യുവാക്കൾ ജാഥ നടത്തിയാൽ ജാതി പോകുമോ? കേവലം പത്രത്തിൽ വാർത്ത വരാൻവേണ്ടിയായിരുന്നുവോ ഇതും? ചോദിക്കേണ്ടതാണ്. പക്ഷേ, ചോദിക്കുന്നില്ല. ജാഥ നടത്തിയാൽ ജാതി പോകും എന്നു തന്നെയാണഭിപ്രായം.

മനുഷ്യന്റെ ബോധമണ്ഡലത്തിൽ മാററം വരുത്താൻ പ്രചണ്ഡമായ പ്രചരണം ആവശ്യമാണ്. ഇത്തരം പ്രചരണങ്ങളിലൂടെ ബോധവാന്മാരായ ജനങ്ങളുടെ നിരന്തരമായ പ്രക്ഷോഭ ഫലമായിട്ടാണ് ഈ രാജ്യത്തു് ജന്മിത്വം നാമാവശേഷമായതു്; ഐത്താചരണം ഇല്ലാതായതു്. പ്രദീപ്തമായ പല ആശയങ്ങൾക്കും കേരളീയ ഹൃദയങ്ങളിൽ കയറിപ്പററാൻ കഴിഞ്ഞതും അനുസ്യൂതമായ പ്രചരണഫലമായിട്ടാണ്. ജാഥ നടത്തിയാൽ ജാതി പോകുമോ എന്നു് സംശയിച്ചവർക്കും ഈ സത്യമറിയാം. അതുകൊണ്ടാണല്ലോ അവരും ജാഥ നടത്താൻ സന്നദ്ധരായതു്.

## ഇത്തിരി ചാരിതാർത്ഥ്യം

യുക്തിവാദികളുടെ ജാഥയെ പരിഹസിച്ചവർതന്നെ, ജാതിചിന്തക്കെതിരായി ജാഥ നടത്തുക! യുക്തിവാദികളെ സംബന്ധിച്ച് തികച്ചും സന്തോഷപ്രദമായ കാര്യമാണിത്. കാരണമുണ്ട്; നാം നേരത്തേ ചൂണ്ടിക്കാണിച്ച ഭവിഷ്യത്ത്, ഇപ്പോഴെങ്കിലും അവർക്ക് ബോധ്യപ്പെട്ടല്ലോ.

നമുക്ക് സന്തോഷിക്കാനിതാ വീണ്ടും ഒരവസരം: വഗ്ഗീയതയെ സംബന്ധിച്ച് ഈയ്യിടെയുണ്ടായ ചില പ്രസ്താവനകൾ ഓർമ്മിക്കുക: ഇന്ത്യയിൽ ഒരു പൊതു സിവിൽകോഡ് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യുക്തിവാദിസംഘം മുമ്പൊരിക്കൽ ഒപ്പ് ശേഖരിച്ചിരുന്നല്ലോ. ഈ ഒപ്പു ശേഖരണം അനാവശ്യമാണെന്ന് അടിവരയിട്ടു പറഞ്ഞിരുന്ന ചില രാഷ്ട്രീയ നേതൃത്വങ്ങളുണ്ടായിരുന്നു. അതേ നേതൃത്വം തന്നെ ഇപ്പോൾ, ഒരു പൊതു സിവിൽ കോഡിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയാണ്. 'ഭൂരിപക്ഷ വർഗ്ഗീയതയെപ്പോലെത്തന്നെ ന്യൂനപക്ഷ വഗ്ഗീയതയും നാട്ടിന്നാപത്താണെന്നും' അവർ ചൂണ്ടിക്കാട്ടുന്നു. മാത്രമോ 'ഭൂരിപക്ഷവഗ്ഗീയതയെന്ന വിഷച്ചെടിയുടെ വളമാണത്രേ ന്യൂനപക്ഷ വഗ്ഗീയത!'

യുക്തിവാദി സംഘം സ്വീകരിച്ച നടപടികൾ കാലോചിതവും കാര്യമാത്ര പ്രസക്തവുമായിരുന്നുവെന്ന് വ്യക്തമായല്ലോ. നമുക്ക് ചാരിതാർത്ഥ്യരാവുക.

## രണ്ടു കാര്യങ്ങൾ

ചാരിതാർത്ഥ്യത്തിന്റെ മധുരം നുണയുന്നതോടൊപ്പം, നമ്മുടെ പ്രവർത്തനമേഖലകൾ വികസിപ്പിച്ചെടുക്കേണ്ടതുമുണ്ട്. എങ്ങിനെയെന്നു പറയാം. സമൂഹത്തിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും നിലനിൽക്കുന്നു. അതോർത്ത് വിലപിക്കുന്നതിൽ അർത്ഥമില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഉന്നയിക്കുകയാണ് ആവശ്യം.

ദാരിദ്ര്യത്തിന്റെ കാരണം പ്രധാനമായും ജനപ്പെരുപ്പവും തദ്വാരാ തൊഴിലില്ലായ്മയുമാണ്. കേരളത്തിലെ മാത്രം സ്ഥിതി ശ്രദ്ധിക്കുക. ഇവിടെ കൃഷിഭൂമി നിത്യേന കുറഞ്ഞുവരികയാണ്. പറമ്പും വയലും താമസത്തിനായി വീടുകളായും കുടിലുകളായും മാറുന്നു. ജനപ്പെരുപ്പത്തിന്റെ ഭീഷണിയെ സൂചിപ്പിക്കുക

യാണിതു്. മാത്രമോ? ടൌൺഹാൾ നിർമ്മിക്കാനും സ്റ്റേഡിയം പണിയാനും വിമാനത്താവളത്തിനുമെല്ലാം സ്ഥലമെടുക്കുന്നതും കൃഷിയിടങ്ങളാണ്. മററു പല വിധത്തിലും കൃഷിഭൂമി കുറഞ്ഞു വരുന്നു. ഒരു ഭാഗത്തു് നിയന്ത്രണാതീതമാംവിധം ജനപ്പെരുപ്പം. മറുഭാഗത്തു് കൃഷിഭൂമി കുറഞ്ഞുവരുന്നതു മൂലം അനുഭവപ്പെടുന്ന ഭക്ഷ്യധാന്യക്കമ്മി. രണ്ടുംകൂടെയാകുമ്പോൾ വർദ്ധിച്ചുവരുന്ന ജന തതിക്ക് മുഴുവൻ ഭക്ഷ്യസാധനങ്ങൾ കണ്ടെത്താനാവാതെ വരിക സ്വാഭാവികമാണ്. ഈ നിർണ്ണായക നിമിഷത്തിലാണ്, ഭക്ഷ്യ രംഗത്തു് പൂഴ്ത്തിവെയ്പും അമിതമായ വിലക്കയററവും അനുഭ വപ്പെടുന്നതു്. അമിതവില കൊടുത്തു് ധാന്യങ്ങൾ വാങ്ങാനാക ട്ടേ, ഉപഭോക്താവിൻെറ കയ്യിൽ പണവുമുണ്ടാകില്ല. തൊഴിലി ല്ലാത്തവൻെറ കൈയിലെവിടെ പണം?

ഈ പരിത:സ്ഥിതിയിൽ നമുക്ക് ചെയ്യാൻ കഴിയുന്നതി താണ്: 1) ജനന നിയന്ത്രണം സ്വന്തം ഭാവിക്കു തന്നെ ആവശ്യ മാണെന്ന ബോധം ബഹുജനങ്ങളിലുളവാക്കുക, 2) കൂടുതൽ തൊഴി ലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

## അറിവും ബോധവും

'വായ കീറിയ ദൈവം ഇരയും തരും' എന്നൊരു വിശ്വാസ മുണ്ട്. ഇതു് കേവലം മൂഢവിശ്വാസമാണെന്നു് പലർക്കുമറി യാം. പക്ഷേ ഭൂരിപക്ഷം പേരും ഈ പ്രാക്തന വിശ്വാസത്തി ൻെറ അടിമകളാണിന്നും. തന്മൂലം ജനന നിയന്ത്രണമെന്ന ആശ യത്തെപ്പോലും അവർ എതിർക്കുന്നു.

'ചെറിയ കുടുംബം സംതൃപ്ത കുടുംബം' എന്ന യാഥാർത്ഥ്യം ഭൂരിപക്ഷം കുടുംബങ്ങളും അനുഭവിച്ചറിഞ്ഞിട്ടില്ല. സമൂഹത്തിൽ നിലനിൽക്കുന്ന നിരക്ഷരതയാണ് കാരണം. ഇന്ത്യ സ്വാതന്ത്ര്യം നേടി. മൂന്നു് വ്യാഴവട്ടങ്ങൾ പിന്നിട്ടു. ഇപ്പോഴും ഇന്ത്യയിൽ എഴു ത്തും വായനയും അറിയാത്തവരുടെ എണ്ണം 42 കോടിയാണ്! 1981ലെ സെൻസസ്സ് അനുസരിച്ചുള്ള ഔദ്യോഗികമായ കണക്കാ ണിതു്. 42 കോടി ജനങ്ങൾ അജ്ഞതയുടെ അന്ധകാരത്തിൽ മുഴു കിയിരിക്കേ, ഈ രാജ്യത്തു് പുരോഗമന പ്രസ്ഥാനങ്ങൾ വേരോ ടി വളരുമോ? വിപ്ലവാശയങ്ങൾ ജനഹൃദയങ്ങളിൽ സ്ഥാനം പി ടിക്കുമോ? ഇല്ലെന്നു് വ്യക്തം.

യുക്തിവാദികൾക്ക് ഭാരിച്ച ചുമതലയുണ്ടിവിടെ. സമൂഹ ത്തെ സാക്ഷരരാക്കുക എന്നതാണതു്. സമൂഹത്തിൽ അറിവും

ബോധവുമുണ്ടാക്കാൻ നാം നിരന്തരം യത്നിക്കണം. '14 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പത്ത് വർഷത്തിനുള്ളിൽ സൌജന്യവും സാർവ്വത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകു'മെന്ന്, 1950-ൽ രൂപംകൊണ്ട ഇന്ത്യൻ ഭരണഘടന പ്രഖ്യാപിച്ചിരുന്നു. പക്ഷേ അത് നടപ്പായില്ല. 'പാലിക്കപ്പെടാത്ത ആ പ്രഖ്യാപനം' നടപ്പാക്കാൻ നാം ശബ്ദമുയർത്തേണ്ടതുണ്ട്.

## വിദ്യാഭ്യാസരംഗത്തെ അശാസ്ത്രീയത

വിദ്യാഭ്യാസം പകർന്നുകൊടുക്കുന്ന രീതിയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇളംമനസ്സുകളിൽ അന്ധവിശ്വാസവും മതസങ്കുചിതത്വവും തഴച്ചുവളരാൻ പര്യാപ്തമായ വിധത്തിലാണ് ഇവിടെ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. 'അൺ എയ്ഡഡ് സ്കൂൾ'കളെന്ന പേരിൽ നാട്ടിലെമ്പാടും സ്ഥാപിക്കപ്പെടുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഈ രാജ്യത്ത് ഒരു വരേണ്യവർഗ്ഗത്തെ സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ആദ്യപടിയാണ്. ഇതെല്ലാം നാം കണ്ടേ തീരൂ.

പരിമിതമായ സൗകര്യങ്ങൾ പോലുമില്ലാത്ത 'സാധാ' സ്കൂളുകളിൽനിന്ന് പുറത്തുവരുന്ന കുട്ടികളുടെ കാര്യം ദയനീയം തന്നെ. എസ്.എസ്.എൽ.സി. എന്ന കടമ്പ കടക്കാനാകാതെ ഭഗ്നാശയരായി തൊഴിൽരംഗത്തേക്ക് തിരിയുന്ന ലക്ഷോപലക്ഷം. കോളേജിന്റെ സ്വർഗ്ഗകവാടത്തിലൂടെ കടന്നിറങ്ങി പ്രതീക്ഷാപൂർവ്വം തൊഴിൽ മേഖലയിലേക്ക് കടക്കുന്ന ലക്ഷോപലക്ഷം. ഇവർക്കെല്ലാം യഥാർഹം ജോലി ലഭിക്കാനാവശ്യമായ സംവിധാനം ഈ രാജ്യത്തുണ്ടോ? ഇല്ല.

## വികലമായ ആസൂത്രണം

തൊഴിലില്ലായ്മക്ക് കാരണം, തൊഴിൽ സാദ്ധ്യതകളുടെ കുറവല്ല, ആസൂത്രണത്തിലുള്ള വൈകല്യമാണ്. ഉദാഹരണങ്ങൾ ധാരാളമുണ്ട്. സ്ഥലപരിമിതിയോർത്ത് പറയുന്നില്ല. ചില സൂചനകൾമാത്രം നൽകട്ടെ.

തൊഴിൽ മേഖലയിൽ, മേലേക്കിടയിൽ ധാരാളം തസ്തികകൾ സൃഷ്ടിക്കപ്പെടുന്നു. അതിന് യഥേഷ്ടം പണവുമുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ ചീഫ് എഞ്ചിനീയർമാർ എത്ര പേരാണ്? പൊതുമരാമത്തുവകുപ്പിൽ എത്ര പേരാണ്? സംസ്ഥാ

# നിരീശ്വരവാദത്തിന്റെ പ്രസക്തി

**ഡോ: വിക്ടർ ഗർഡ്ജാ**

[1983 ജൂണിൽ ഫിൻലണ്ടിന്റെ തലസ്ഥാനമായ ഹെൽസിങ്കിയിൽ വെച്ചു നടന്ന മൂന്നാമത്തു ലോകനിരീശ്വരവാദ സമ്മേളനത്തിൽ മോസ്ക്കോയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അത്തീസം (Institute of Atheism) പ്രതിനിധിയായി പങ്കെടുത്ത ഡോ. വിക്ടർ ഗർഡ്ജാ (Dr. Victor Gardja) ചെയ്ത പ്രസംഗം]

സോവ്യററ് യൂണിയനിൽ നിരീശ്വരവാദപ്രചരണത്തിനു പ്രത്യേകമായി ഒരു സംഘടനയോ പ്രവർത്തനപരിപാടിയോ ആവശ്യമില്ല. കാരണം സോവ്യററ് പൗരന്മാരിൽ അനേകർ നിരീശ്വരവാദികളാണ്.

---

നത്ത് എത്ര ഐ. ജി. മാരുണ്ട്? ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയൻറ് ഡയറക്ടർ തുടങ്ങിയ ഡയറക്ടർമാർ ഓരോ വകുപ്പിലും എത്രയെത്ര? ഈ തോതനുസരിച്ച് താഴ്ന്ന തലങ്ങളിൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നില്ലതാനും. പിന്നെയെങ്ങിനെ അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാനാകും?

## യുക്തിവാദി നീതിയുടെ ഭാഗത്ത്

തൊഴിൽരംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും തൊഴിൽരഹിതരുമായി ചർച്ച ചെയ്യേണ്ടതാണ്. ചർച്ചയിൽ ചില തീരുമാനങ്ങൾ ഉരുത്തിരിയും. അവ ജനമദ്ധ്യത്തിൽ അവതരിപ്പിക്കണം. ഈ കാര്യത്തിൽ തൊഴിൽ രഹിത സംഘടനകളുടെ സഹായവും തേടാം.

സാധാരണക്കാരായ ബഹുജനങ്ങൾ അനുഭവിക്കുന്ന, നീറിപ്പുകയുന്ന എത്രയോ പ്രശ്നങ്ങൾ ഇനിയുമുണ്ട്. ആരോഗ്യം, പാർപ്പിടം, പ്രകൃതിസംരക്ഷണം, സ്ത്രീസ്വാതന്ത്ര്യം, സാമൂഹ്യസമത്വം തുടങ്ങിയ പ്രശ്നങ്ങൾ. സർവ്വോപരി ലോകസമാധാനത്തിന്റെ പ്രശ്നവുമുണ്ട്. ഈ ലോകത്തിലെ സർവ്വ ചരാചരങ്ങളും ഞൊടിയിടകൊണ്ട് ഒരു പിടി ചാരമായിത്തീർന്നേക്കാമെന്ന ആശങ്ക അന്തരീക്ഷത്തിൽ അലയടിക്കുന്നു.

എല്ലാ പ്രശ്നങ്ങളെക്കുറിച്ചും യുക്തിവാദികൾ ബോധവാന്മാരാവുകയും നീതിയുടെ സ്വരത്തിൽ പ്രതികരിക്കുകയും വേണം. തികച്ചും ശ്രമകരവും അടിയന്തിര പ്രാധാന്യമർഹിക്കുന്നതുമായ പ്രവൃത്തികളാണിവ. ചുരുക്കത്തിൽ, നമുക്കിനിയും പിന്നിടാൻ ബഹുദൂരമുണ്ട്.

എന്നിരിക്കിലും ഞങ്ങൾക്ക് അവിടെ ഒരു സംഘടനയുണ്ട്: 'Znaniye' എന്നാണ് അതിൻെറ പേർ. ശാസ്ത്രീയ വിജ്ഞാനം പ്രചരിപ്പിക്കുകയാണ് അതിൻെറ ലക്ഷ്യം. നിരീശ്വരവാദവും ശാസ്ത്രീയ വീക്ഷണവും ആണ് യഥാർത്ഥ അറിവ്. Znaniye യിലെ ശാസ്ത്രജ്ഞൻമാരും അക്കാദമീഷ്യന്മാരും നിരീശ്വരവാദവും ശാസ്ത്രീയവീക്ഷണവും പുരസ്ക്കരിച്ചുള്ള പ്രഭാഷണങ്ങളിലൂടെ ജനങ്ങളെ പ്രബുദ്ധരാക്കുന്നു. നിരീശ്വരവാദം സംബന്ധിച്ചുള്ള പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

നാം, നിരീശ്വരവാദികൾ ഇവിടെ സമ്മേളിച്ചിരിക്കയാണല്ലോ. മതത്തിനെതിരായ പോരാട്ടം മാത്രമല്ല നിരീശ്വരവാദം. ഏതോ ചില അജ്ഞാതശക്തികൾ നമ്മെ നയിക്കുന്നു എന്ന മതത്തിൻെറ വിശ്വാസത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിനുവേണ്ടിയാണ് നാം പോരാടേണ്ടത്. മതത്തിൻെറ കെട്ടുപാടുകളിൽനിന്നുള്ള മോചനമാണ് നമ്മുടെ ലക്ഷ്യം. തങ്ങളുടെ ഉത്തരവാദിത്വങ്ങളും കഴിവുകളും നാം മനസ്സിലാക്കണം. സമുദായത്തെ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാം പ്രയത്നിക്കണം. മതം പ്രതിലോമശക്തികളെ സഹായിക്കുന്നു. അത് പ്രതിവിപ്ലവ രാഷ്ട്രീയ ശക്തികൾക്ക് പിന്തുണ നൽകുന്നു.

നിരീശ്വരവാദത്തിൻെറ പാരമ്പര്യം ഹ്യൂമനിസത്തിൻെറതാണ്. മാനസികമായ അടിമത്തത്തിൽനിന്നും ബുദ്ധിപരമായ പാപ്പരത്വത്തിൽ നിന്നുമുള്ള മോചനത്തിനു ഹ്യൂമനിസം മനുഷ്യനെ സഹായിക്കുന്നു. മിഥ്യാധാരണകളിൽനിന്നും വ്യാമോഹങ്ങളിൽനിന്നും പുറത്തുവരികയും യാഥാർത്ഥ്യം മനസ്സിലാക്കുകയും വേണം. അതുകൊണ്ട് നിരീശ്വരവാദമെന്നാൽ കേവല യുക്തിവാദം മാത്രമല്ല. അതൊരു പോരാട്ടമാണ്. സമാധാനപരമായ ജീവിതത്തിനും പുരോഗതിക്കും വേണ്ടിയുള്ള പോരാട്ടം. സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥകളിൽനിന്ന് മോചനം നേടുന്നതിന് വികസ്വര നാടുകളിലെ ജനതയ്ക്ക് കഴിവു നൽകുന്നതായിരിക്കണം നിരീശ്വരവാദം.

സായൻസിക വിപ്ലവം (Scientific Revolution) ഒരുവശത്ത് മനുഷ്യൻെറ അറിവു വർദ്ധിപ്പിച്ചിട്ടുണ്ട്. അതേസമയം മറുഭാഗത്ത് പ്രകൃതിയെയും മനുഷ്യരാശിയെയും നശിപ്പിക്കുന്നതിനും അതു വഴിയൊരുക്കിയിട്ടുണ്ട്. നിരീശ്വരവാദം ഈ തെററു തിരുത്തണം. എല്ലാവർക്കും ഭക്ഷണവും ആരോഗ്യസംരക്ഷണവും വിദ്യാഭ്യാസവും നൽകുക എന്ന ലക്ഷ്യം നേടുന്നതിനായി കഠിനാദ്ധ്വാനം ചെയ്യണം. ഇതും നിരീശ്വരവാദത്തിൻെറ കടമയാണ്.

ഇന്ന് രണ്ടു മണ്ഡലങ്ങളിൽ—മതവും രാഷ്ട്രീയവും ആണ് അവ—യാഥാസ്ഥിതിക പ്രതിലോമശക്തികളും ഇടതുപക്ഷ സാഹസികന്മാരും കാലുറപ്പിച്ചിട്ടുണ്ട്. ഈ സ്ഥിതി മനുഷ്യരാശിക്ക് ഹാനികരമത്രേ. അതു ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്നു. സാമൂഹ്യവും സാമ്പത്തികവുമായ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് ലോകസമാധാനം ആവശ്യമാണ്. വ്യത്യസ്ത രാജ്യങ്ങളിൽ സൗഹാർദ്ദപരമായ അന്തരീക്ഷം വളർത്തിയെടുക്കുക എന്നത് നമ്മുടെ ലക്ഷ്യമായിരിക്കണം.

സമാധാനമെന്നത് ഓമനത്വമുള്ള ഒരു സാമൂഹ്യ മൂല്യം മാത്രമല്ല. എല്ലാ

വർക്കും ജീവിക്കുന്നതിനുള്ള അവകാശമാണ്ണതു്. മററെല്ലാ പ്രശ്നങ്ങളുടെയും പരിഹാരത്തിനു് സമാധാനം ഒരു മുൻ വ്യവസ്ഥയാണ്.

അണുവായുധ നിർമ്മാണത്തിനും പ്രതിരോധാവശ്യങ്ങൾക്കുമായി പ്രതി വർഷം അറുനൂറു ബില്യൻ ഡോളർ ചെലവഴിക്കപ്പെടുന്നുണ്ട്. സാധാരണ ക്കാരൻെറ ദൈനംദിനാവശ്യങ്ങൾക്കു വേണ്ട തുക വെട്ടിക്കുറച്ചാണ് ഈ വൻ ചെലവു നടത്തുന്നതു്. സാധാരണക്കാരുടെ സാമ്പത്തിക പുരോഗതിക്കും സാമൂഹ്യ വികസനത്തിനും ഉതകുന്ന പദ്ധതികളെ പ്രതിരോധച്ചെലവുകൾ തകിടം മറിക്കുന്നു. അതിനാൽ അണുവായുധങ്ങൾക്കും മററു യുദ്ധസാമഗ്രികൾക്കും വേണ്ടിയുള്ള കഴുത്തറുപ്പൻ മത്സരം അവസാനിക്കണം. പ്രതിരോധച്ചെലവുകൾക്കായുപയോഗിക്കുന്ന അതിഭീമമായ തുക ശാസ്ത്രീയ സാങ്കേതിക സാമ്പത്തിക രംഗങ്ങളിൽ സൃഷ്ടിപരമായ ആവശ്യങ്ങൾക്കു വിനിയോഗിക്കപ്പെടണം. വികസ്വര നാടുകളിൽനിന്നു് പട്ടിണിയെ നിർമ്മാർജ്ജനം ചെയ്യുന്നതിനായിരിക്കണം ആ തുക ഉപയോഗിക്കേണ്ടതു്.

ഈ പ്രശ്നങ്ങളൊന്നുംതന്നെ ഏതെങ്കിലുമൊരു പ്രത്യേക രാജ്യത്തിൻെറ മാത്രം പ്രശ്നമല്ല. എല്ലാ രാജ്യങ്ങളുടെയും പൊതുപ്രശ്നമാണിതു്. അതുകൊണ്ട് ശാസ്ത്രീയ പുരോഗതി മാത്രം കൊണ്ടായില്ല, അതോടൊപ്പം ഹ്യൂമനിസ്റ്റ് വീക്ഷണവുംകൂടി വളർന്നുവരേണ്ടതുണ്ട്.

ഇന്നു് മുതലാളിത്ത വ്യവസ്ഥിതി ഒരു വൻ കുഴപ്പത്തിലാണ്. രാഷ്ട്രീയമായ കുതിച്ചുകയററത്തെ സമനിലയിൽ നേരിടാൻ കഴിയാത്ത മുതലാളിത്തവ്യവസ്ഥ സോഷ്യലിസത്തിന്നെതിരായ ഒരായുധമായി മതത്തെ ഉപയോഗിക്കുന്നു. മുതലാളിവർഗ്ഗം ഒരു യുദ്ധകാലാവസ്ഥ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. അതോടൊപ്പം തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു മറയായി മതങ്ങളെ ഉപയോഗിക്കുകയും ചെയ്യുന്നു.

ഇന്നത്തെ ലോകത്തിൽ മതം ശത്രുതാപരവും നാശകാരിയുമായ പങ്കാണ് വഹിക്കുന്നതു്. ആഗോളമായെടുത്താൽ കത്തോലിക്കാസഭയും ഇസ്ലാംമതവും ഇതിനു് ദൃഷ്ടാന്തങ്ങളാണ്. ഒരേ മതവിഭാഗത്തിൽ പെട്ടിട്ടുള്ള ആളുകൾ തന്നെ ഒരു പ്രശ്നത്തെപ്പററി വ്യത്യസ്ത വീക്ഷണങ്ങളാണ് വെച്ചുപുലർത്തുന്നതു്.

നിരീശ്വരവാദികൾ നുണയന്മാരും കൊള്ളരുതാത്തവരുമാണെന്നു് മതവിശ്വാസികൾ ആരോപിക്കുന്നു. ഇതു് അടിസ്ഥാനരഹിതമായ ആക്ഷേപമാണ്. മതപക്ഷപാതികൾ ഇന്നും ഈ മാതിരി വ്യാജപ്രചരണം തുടരുന്നു എന്നതാണ് ഏറെ പരിതാപകരം. ധാർമ്മികതയും മതവിശ്വാസവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നതാണ് സത്യം. എന്നിട്ടും ചില സ്ഥാപിത താൽപര്യക്കാർ ജനങ്ങളുടെ അജ്ഞതയും അന്ധവിശ്വാസവും ചൂഷണം ചെയ്യുന്നതിന് ഇത്തരത്തിലുള്ള വ്യാജപ്രചരണങ്ങൾക്കൊരുമ്പെടുന്നു.

കമ്മ്യൂണിസ്റ്റുകാർ മതത്തിലും ദൈവത്തിലും വിശ്വസിക്കുന്നില്ല അതുകൊണ്ട് അവർക്കു് സത്യസന്ധതയോ ആർജ്ജവമോ സ്വഭാവശുദ്ധിയോ ഇല്ല എന്നു ജനങ്ങളെ വിശ്വസിപ്പിക്കുവാൻ മതപക്ഷക്കാർ ശ്രമിക്കുന്നു.

കമ്മ്യൂണിസ്റ്റ്കാർക്ക് ശക്തിയുടെ ഭാഷ മാത്രമേ മനസ്സിലാകുകയുള്ളു എന്നും, യൂറോപ്പിൽ ഒരു ന്യൂക്ലിയർ യുദ്ധം അനിവാര്യമാണെന്നും റൊണാൾഡ് റീഗൻ പ്രസ്താവിക്കുന്നു. അജ്ഞേയവും അപലപനീയമാണ് ഈ പ്രസ്താവന. കമ്മ്യൂണിസ്റ്റുകാരും നിരീശ്വരവാദികളും അതേ ഭാഷയിൽതന്നെ സംസാരിക്കുകയാണെങ്കിൽ നിരായുധീകരണ ചർച്ചതന്നെ അപ്രസക്തമാകും. മനുഷ്യരാശിയുടെ നിലനിൽപുപോലും അസന്ദിഗ്ദ്ധാവസ്ഥയിലാകും.

അതുകൊണ്ട് നിരീശ്വരവാദികളും കമ്മ്യൂണിസ്റ്റുകാരും സമാധാനം അടിയന്തിരമായി കൈവരുത്തുന്നതിന് കഠിനാദ്ധ്വാനത്തിലേർപ്പെട്ടിരിക്കുകയാണ്. അടുത്ത ജന്മത്തിൽ സമാധാനം കൈവരുമെന്ന വ്യാമോഹത്തിൽ ഇന്നത്തെ സമാധാനയത്നങ്ങളെ അവർ നീട്ടിവെയ്ക്കുന്നില്ല. വിശ്വാസികളും അവിശ്വാസികളും ജീവിതത്തെ സമീപിക്കുന്ന രീതിതന്നെ വ്യത്യസ്തമാണ്. പക്ഷേ, ഈ വ്യത്യാസങ്ങളൊന്നുംതന്നെ സമാധാനവും പുരോഗതിയും കൈവരുത്തുന്നതിനായുള്ള യത്നത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കരുത്.

നിരീശ്വരവാദത്തെ അതിൻെറ ശരിയായ പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കണം. നിരീശ്വരവാദത്തെ ശൂന്യവാദമായോ (Nihilism) ധാർമ്മിക അരാജകവാദമായോ തെററിദ്ധരിക്കാനിടയാകരുത്.

നിരീശ്വരവാദത്തിന് പല വ്യാഖ്യാനങ്ങളുണ്ട്. മാർക്സിസ്റ്റ് വീക്ഷണമനുസരിച്ച് നിരീശ്വരവാദം ഹ്യൂമനിസത്തിൽ സംലയനം ചെയ്യപ്പെട്ടിരിക്കുന്നു.

രണ്ടു പ്രധാന പ്രശ്നങ്ങൾ ഇവിടെ ഓർക്കണം: ഒന്നാമതായി, മനുഷ്യജീവിതത്തിൻെറ മൂല്യം നമ്മുടെ ജീവിതത്തെ ആധാരമാക്കിയിരിക്കുന്നു. പുനർജ്ജന്മമില്ല. അതിനാൽ സന്തോഷവും സുഖവും ഈ ജീവിതത്തിൽതന്നെ നേടിയിരിക്കണം.

രണ്ടാമതായി, നമ്മുടെ പരിതഃസ്ഥിതിയും പ്രപഞ്ചവും ശാസ്ത്രീയമായി മനസ്സിലാക്കേണ്ടതുണ്ട്. അതിനെ യാഥാർത്ഥ്യബോധത്തോടെ വ്യാഖ്യാനിക്കണം.

അതുകൊണ്ടാണ് നിരീശ്വരവാദം ദൈവനിഷേധം മാത്രമല്ല എന്നു പറയുന്നത്. അത് അനീതിക്കും അസമത്വത്തിനും അടിമത്തത്തിനുമെതിരായ പോരാട്ടമാണ്. അതുകൊണ്ട് നിരീശ്വരവാദം ഹ്യൂമനിസത്തിൻെറ മൂർത്തിമദ്ഭാവമാണ് മനുഷ്യൻ വെറുമൊരു ജന്തുവല്ല. അവന് ബുദ്ധിയും വിവേചനബോധവും ദീർഘവീക്ഷണവും സൗന്ദര്യബോധവും ഉണ്ട്.

അപ്രകാരമുള്ള ഒരു പൂർണ്ണമനുഷ്യൻെറ എല്ലാ അസ്തിത്വവും ഇന്ന് ഭീഷണിയെ നേരിടുകയാണ്. അവനെ ഈ ആപത്തിൽനിന്നു രക്ഷിക്കുവാൻ ഈ കാലഘട്ടത്തിൻെറ അനിവാര്യതയാണ് നിരീശ്വരവാദം.

—വിവ: പ്രിയ

# സ്ത്രീധന നിരോധനവും അതിൻെറ പ്രസക്തിയും

**ചിങ്ങോലി സജി, ബീഹാർ**

'ഏട്ടിലെ പശു പുല്ല തിന്നുകയില്ലെ'ന്നു പറഞ്ഞതുപോലെ തന്നെയാണ് സ്ത്രീധന നിരോധനനിയമം (Dowry Prohibition Act) ഇന്ന് ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ളത്. ഇന്ത്യൻ നിയമങ്ങളുടെ 'ശവനിയമങ്ങൾ' (Dead Laws) കൂടെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുവരെ ഈ നിയമത്തെക്കുറിച്ച് നമുക്കു മനസ്സിലാക്കാൻ കഴിയുന്ന നിരവധി സംഭവങ്ങളും, അതിൻെറ നഗ്നമായ, ക്രൂരമായ ചിത്രങ്ങളും നമുക്കു കാണുവാൻ കഴിയും. ഇന്നും നിരവധി കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുകയും, വളരെയധികം യുവതികൾ ആത്മഹത്യയേയോ, സ്വഗൃഹത്തിനേയോ അഭയം പ്രാപിക്കേണ്ടിവരുന്നതുമായ ധാരാളം സംഭവങ്ങൾ ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽനിന്നും എല്ലാ ദിവസവും റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്.

സ്ത്രീധന നിരോധന നിയമത്തെക്കുറിച്ച് ആദ്യമായി നിയമം കൊണ്ടുവന്ന ഇന്ത്യയിലെ സംസ്ഥാനം ബീഹാർ ആണ്. 1950-ൽ ബീഹാർ ഗവണ്മെൻറ് ഈ നിയമം പാസ്സാക്കുകയും, ശക്തമായ രീതിയിൽ അന്ന് നടപ്പാക്കുകയും ചെയ്തിരുന്നു. ഇതിനുശേഷം സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും, പ്രത്യക്ഷമായോ പരോക്ഷമായോ സ്ത്രീധനത്തിനു പ്രേരിപ്പിക്കുന്നതും കുററകരമാണെന്നുള്ള നിയമം 1961 മെയ്മാസം 20-ാംതിയതി ഇന്ത്യൻ പാർലമെൻറ് പാസ്സാക്കുകയുണ്ടായി. പക്ഷെ, പ്രായോഗികമാക്കുവാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല എന്നത് ഒരു നഗ്നസത്യമാണ്. യുവതികളുടെ ജീവൻ നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടി മാത്രം ചില നടപടികൾ കൈക്കൊള്ളുവാൻ ഇന്ന് ഗവണ്മെൻറ് മുന്നോട്ട് വന്നിട്ടുണ്ട്. അതും ശരിയായ രീതിയിൽ പ്രായോഗികമാക്കപ്പെട്ടിട്ടില്ല. യുവതികളുടെ മരണം 'ഡെപ്യൂട്ടി സൂപ്രണ്ട്'ൻെറ യോഗ്യതയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ ശരിയായി അന്വേഷിക്കണമെന്നും, പോസ്റ്റ്മോർട്ടം കൂടാതെ ശവം മറവു ചെയ്യരുതെന്നും, ഈ സമയത്ത് ഒന്നിലധികം ഡോക്ടർമാർ

## “യുക്‌തിവാദരാഷ്‌ട്രം!”

**—കുമാരൻ പേരിയ**

ലക്ഷ്യബോധമില്ലാതെ തപ്പിത്തടയുന്നവരാണ് നമ്മുടെ യുക്തിവാദികൾ. അവർ എത്രയും വേഗം ‘യുക്തിവാദം എന്ത്, എന്തിന്, എങ്ങനെ?’ എന്ന ‘മഹദ്ഗ്രന്ഥം’ വായിക്കണം. ലോക പ്രശസ്തനാസ്തികനും കേരളത്തിൻെറ അഭിമാനവും മററ് പലതുമായ ഇടമറുകിനല്ലാതെ ഇത്തരമൊന്ന് രചിക്കാൻ കഴിയില്ലെന്ന്

---

ഉണ്ടായിരിക്കണമെന്നും നിർബ്ബന്ധമുണ്ട്. ഇതിലുപരി പോലീസിൻെറ എൻ. ഒ. സി. (No Objection Certificate) ഉണ്ടായിരിക്കുകയും, പോലീസിന് ഈ അനുവാദം മരിച്ചയാളിൻെറ മാതാപിതാക്കൾ നൽകേണ്ടതുമാണ്.

ഇത്രയുമെല്ലാംകൊണ്ട് ഇന്ത്യൻ യുവതികളുടെ ഭാവി സുരക്ഷിതമാക്കാമെന്നു വ്യാമോഹിക്കുന്നുണ്ടെങ്കിൽ, അത് വെള്ളമില്ലാത്തിടത്ത് മുങ്ങുന്നതിനു തുല്യമായിരിക്കും. ഈ കെണിയിൽനിന്ന് രക്ഷപ്പെടുവാൻ നിയമം കർക്കശമാക്കുകയും അതോടൊപ്പം ‘അടുക്കളയിൽനിന്നും അരങ്ങത്തേക്കു’ വരുവാൻ ബ്രാഹ്മണ സ്ത്രീകളെ വി. ടി. ഭട്ടതിരിപ്പാട് ആഹ്വാനം ചെയ്‌തതുപോലെതന്നെ സ്‌ത്രീകളെ ‘വിവാഹച്ചന്ത’കളിലെത്താതെ ‘വരൻെറ ഗൃഹത്തിലേക്കു’ നയിക്കേണ്ട ചുമതല നമ്മിൽ എത്തിച്ചേർന്നിരിക്കുന്നു. സ്ത്രീധനത്തിനെതിരെ സാമൂഹ്യ-സാംസ്‌കാരിക സംഘടനകളും, പുരോഗമന പ്രസ്‌ഥാനങ്ങളും ഉറക്കെ ശബ്‌ദിക്കുകയും ജനങ്ങളെ അണിനിരത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇന്നു പുരോഗമനവും, വിപ്ലവവും പറഞ്ഞു നടക്കുന്ന രാഷ്‌ട്രീയ_സാമൂഹ്യ_സാംസ്കാരിക പ്രവത്തകർ ധാരാളമായി സ്ത്രീധനം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതായി നമുക്കു കാണുവാൻ കഴിയും.

തങ്ങളെ വാങ്ങുകയും, വിൽക്കുകയും ചെയ്യുന്ന രീതി അവസാനിപ്പിക്കാൻ പഴയ മാമൂലുകളേയും, മതബന്ധനങ്ങളുടെ ചങ്ങലകളേയും ഭേദിച്ചുകൊണ്ട് സ്ത്രീകൾ രംഗത്തേക്കിറങ്ങുക! ഇതിനുവേണ്ട ആശയസമരത്തിന് ഊന്നൽ കൊടുക്കുവാൻ എല്ലാ സാമൂഹ്യ-സാംസ്കാരിക പ്രവത്തകരും ശ്രദ്ധിക്കട്ടെ!!

അറിയാമല്ലോ? അതിന്റെ ചില ഭാഗങ്ങൾ നമുക്ക് ആസ്വദിക്കാം.

''തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്ന ആശയത്തോട് യുക്തിവാദിക്ക് യോജിക്കാൻ നിവർത്തിയില്ല.'' (പേ. 123) കുട്ടികൾ, വൃദ്ധൻമാർ, വീട്ടമ്മമാർ, കൃഷിക്കാർ, ഡോക്ടർമാർ, അദ്ധ്യാപകർ എന്നിവരൊക്കെയുള്ള സമൂഹത്തിൽ തൊഴിലാളികൾ കേവലം 1% മാത്രം. ഈ തുച്ഛന്മാരുടെ ആധിപത്യം എങ്ങനെ നീതീകരിക്കാനാകും? (''ഉൽപാദനോപകരണം സ്വന്തമായി ഇല്ലാത്തതിനാൽ തങ്ങളുടെ അദ്ധ്വാനശക്തി വിൽക്കേണ്ടിവരുന്നവർ'' ആണ് തൊഴിലാളികൾ എന്ന് എംഗൽസിന്റെ നിർവ്വചനം. സ്വതന്ത്രചിന്തകർക്ക് മററുള്ളവരുടെ നിർവ്വചനം ആവശ്യമില്ലല്ലോ.) ആ അനീതി നടമാടുന്ന 'വിപ്ലവാനന്തര റഷ്യയിൽ സാറിസ്റ്റ് ഭരണകാലത്തേക്കാൾ കൂടുതൽ കൊലപാതകങ്ങളും മർദ്ദനങ്ങളും നടന്നു.' (പേ. 126) അതിനാൽ സാർഭരണം പുനസ്ഥാപിക്കുകയാണ് മെച്ചം. എന്നാൽ ഇനിയതു് കഴിയില്ലല്ലോ. അതിനാൽ ഇടമറുക് രൂപകൽപന ചെയ്ത ബദൽ വ്യവസ്ഥിതിയത്രേ 'യുക്തിവാദരാഷ്ട്രം.'

എന്തൊക്കെയാണ് യുക്തിവാദരാഷ്ട്രത്തിലെ സവിശേഷതകൾ എന്ന് 124 ാം പേജിൽ ക്രമമായി കൊടുത്തിരിക്കുന്നു. ഓരോന്നായി നോക്കാം.

1) 'സകല മനുഷ്യർക്കും സമാധാനവും സന്തോഷവും!' (മിൽമാ പാലുപോലെ പാക്കററുകളിലാക്കി വിതരണം ചെയ്യുമായിരിക്കും.)
2) 'എല്ലാവർക്കും രുചികരവും പോഷകാംശങ്ങൾ അടങ്ങിയതുമായ ആഹാരം.' (വിസ്തരഭയത്താലാകാം, വിഭവങ്ങൾ ഏതൊക്കെയാണെന്ന് എഴുതി കണ്ടില്ല. പൊറോട്ടയും ഇറച്ചിയും ന്യായമായും പ്രതീക്ഷിക്കാം.)
3) 'ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വീടുകൾ' (ഹൗസിങ്ങ് ബോർഡിൽനിന്ന് ലോണെടുക്കാൻ ഇനിയാരും ധൃതികൂട്ടേണ്ടതില്ല.)
4) ''ജാതി, മതം, വർണ്ണം, വർഗ്ഗം എന്നിവ ഗണിക്കാത്ത മാനവസമൂഹം'' ('ഗണിക്കാത്ത'താണ്. പരിഹരിക്കുന്നതല്ല)
5) ''സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ എല്ലാവർക്കും തുല്യത'' (വർഗവ്യത്യാസം പരിഹരിക്കില്ലെന്ന് മുകളിൽ

പറഞ്ഞല്ലോ. എന്നാലും തുല്യതയുണ്ട്. മാന്ത്രിക ചക്രവർത്തി ആർ. കെ. മലയത്തുള്ളതുകൊണ്ട് ഇതും സാധിക്കും.)

6) ''തികഞ്ഞ വ്യക്തി സ്വാതന്ത്ര്യം.'' (കുത്തകമുതലാളിമാർ, കരിഞ്ചന്തക്കാർ എന്നിവർക്ക് ആശ്വസിക്കാം.)

7) താൽപ്പര്യമുള്ള വിഷയങ്ങളിൽ അറിവുനേടാൻ സൗകര്യം.'' (ജ്യോത്സ്യവും പാഠ്യവിഷയമാകും.)

വർഗവ്യത്യാസം പരിഹരിക്കാൻ പദ്ധതിയൊന്നുമില്ലെങ്കിലും 'കമ്മ്യൂണിസ്റ്റ്കാരേക്കാളേറെ മുതലാളിത്തത്തിന്റെ ശത്രുക്കളാണ് യുക്തിവാദികൾ' (P. 128) എന്ന് എടുത്തു പറഞ്ഞിട്ടുള്ളതു് ഇ എം.എസ്. ശ്രദ്ധിക്കണം.

എന്നാൽ ആ വ്യവസ്ഥിതിയിലും ചില്ലറ വിഷമങ്ങൾ ഇല്ലാതില്ല. 'ഇപ്പോൾത്തന്നെ പരിസര മലിനീകരണം വലിയ പ്രശ്നമാണ്, അതിന് പരിഹാരം കാണാൻ കഴിയാതെ വന്നാൽ അക്കാരണം കൊണ്ടുതന്നെ ഭൂമിയെ നമുക്ക് ഉപേക്ഷിക്കേണ്ടിവരും.' (പേ. 157) കൊള്ളലാഭത്താൽ മാത്രം പ്രചോദിതരായി വിലകുറഞ്ഞ റിയേജൻറുകൾ ഉപയോഗിക്കുന്നതും മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാൻ സൗകര്യമുണ്ടാക്കാത്തതുമാണ് പരിസര മലിനീകരണത്തിന് കാരണമെന്നു് നമുക്കറിയാം. എങ്കിലും യുക്തിവാദ രാഷ്ട്രത്തിൽ 'തികഞ്ഞ വ്യക്തി സ്വാതന്ത്ര്യം' ഉറപ്പു നൽകിയിരിക്കുന്നതിനാൽ ഈ മുതലാളിമാരെ നിയന്ത്രിക്കരുതല്ലോ. അതിനുള്ള പോംവഴിയാണ് ഭൂമിയെ ഉപേക്ഷിച്ച് 'ഗോളാന്തര കുടിയേററം സാധിക്കൽ.' അങ്ങനെയാകുമ്പോൾ പട്ടയം നൽകാൻ ലാൻറ് ട്രൈബ്യൂണലല്ല, ഗോള ട്രൈബ്യൂണലായിരിക്കും ഉണ്ടാവുക. 'പ്രപഞ്ചത്തിൽ എവിടെയെല്ലാം വാസയോഗ്യമായ സ്ഥലങ്ങളുണ്ടോ അവിടെയൊക്കെ പോയി പുതിയ വിഭവങ്ങളും താമസസൗകര്യങ്ങളും കണ്ടുപിടിക്കും.' (പേ. 154) അപ്പോൾ ലോകനാസ്തിക സംഘത്തിന്റെ പേരു് സൗരയൂഥ നാസ്തിക സംഘമെന്നും ലോകപ്രശസ്ത യുക്തിവാദിയായ ഇടമറുക് എന്നതു് സൗരയൂഥ പ്രശസ്തനായ എന്നും മാറുക സ്വാഭാവികമാണല്ലോ.

ഇതൊക്കെ സാദ്ധ്യമാണോ എന്നു് സംശയാലുക്കളായിട്ടുള്ളവർ 'ഉട്ടോപ്യയല്ല' എന്ന ഉപശീർഷകത്തിൽ കൊടുത്തിരിക്കുന്ന

വാർത്തകൾക്കിടയിൽ

# നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി!

പഴഞ്ചൻ തത്വശാസ്ത്രങ്ങളെ വെളിപ്പിച്ചെടുക്കുവാൻ ബോധപൂർവ്വം അടുത്തകാലത്തായി ചിലർ ശ്രമിച്ചുവരുന്നുണ്ട്. അത്തരത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ് ശ്രീ. ആർ. രാമചന്ദ്രൻ നായർ എക്സ്പ്രസ്സിൽ പ്രസിദ്ധപ്പെടുത്തിയ മനുസ്മൃതിയെ പററി എഴുതിയ ലേഖനം. ഏറെ കുപ്രസിദ്ധമായ

''പിതാ രക്ഷിതി കൌമാരേ
ഭർത്താ രക്ഷിതി യൌവ്വനേ
രക്ഷന്തി വാർദ്ധക്യേ പുത്രാഃ
നഃ സ്ത്രീ സ്വാതന്ത്ര്യ മർഹതി!''

എന്ന ശ്ലോകമാണ് ചർച്ചാവിഷയം. മനുവിനെ പ്രതിക്കൂട്ടിൽനിന്നു രക്ഷിച്ചെടുക്കാനുള്ള വ്യഗ്രതയിൽ ശ്രീ. രാമചന്ദ്രൻ നായർ ഒരു വല്ലാത്ത പതനത്തിലാണകപ്പെട്ടു പോയതു്. തുടക്കത്തിൽ സ്വാതന്ത്ര്യം എന്ന വാക്കിൻെറ അർത്ഥം വ്യാഖ്യാനിച്ച് സ്വന്തമായി ജോലി ചെയ്ത് ജീവിക്കാനുള്ള അവകാശം എന്നു സ്ഥാപിക്കാൻ ശ്രമിച്ചു. അതു് അംഗീകരിച്ചാൽ തന്നെ അങ്ങനെയുള്ള അവകാശം ഒരു നല്ല കാര്യമല്ലേ? പക്ഷെ ഏച്ചു കെട്ടുമ്പോൾ വീണ്ടും മുഴച്ചുതന്നെ നിൽക്കുന്നു. അപ്പോൾ വീണ്ടും കുട്ടിക്കരണം മറിച്ചൽ തന്നെ. പിന്നെ സ്വന്തമായി ജോലി ചെയ്തു ജീവിക്കാനുള്ള അവകാശം മോശമാണെന്നു സ്ഥാപിക്കാനുള്ള ശ്രമമായി. അതും അംഗീകരിക്കാമെന്നുവെക്കുക. പിന്നെയും കിടക്കുന്നു ഒരു കുന്ത്രാണ്ടം കൂടി—അർഹതി എന്ന പ്രയോഗം. അടുത്ത മറിച്ചിലിൽ അർഹത എന്ന വാക്കിൻെറ അർത്ഥവും വ്യാഖ്യാനിച്ച് നേർ വിപരീതമാക്കേണ്ടി വന്നു—അവസാനം സ്ത്രീയെ ജോലിയൊന്നും എടുപ്പിക്കാതെ സംരക്ഷിക്കേണ്ടതു് പിതാവിൻെറയും ഭർത്താവിൻെറയും പുത്രൻെറയും കടമയാണെന്നു് സ്ഥാപിക്കുകയാണ്. അതും അടിമത്തത്തിൻെറ പര്യായം തന്നെയല്ലേ?

മനുസ്മൃതിയിൽനിന്നു് ഇനിയും വെളുപ്പിക്കേണ്ട ധാരാളം കാര്യങ്ങൾ കിടക്കുന്നുണ്ട്. ചാതുർവർണ്ണ്യത്തെ നീതീകരിക്കുന്നതും അയിത്തത്തിൻെറ മാനദണ്ഡങ്ങളും ആചാര സംഹിതകളും, ശൂദ്രന്നു് വിദ്യ നിരോധിക്കുന്നതും വേദം അവൻ കേട്ടാൽ ചെവിയിൽ ഈയ്യം ഒഴിക്കണമെന്നുള്ളതും, ഉച്ചരിച്ചാൽ നാവ് അരിയണമെന്നുള്ളതുമൊക്കെ എങ്ങനെ വ്യാഖ്യാനിക്കും? ശ്രീ. രാമചന്ദ്രൻ നായരല്ല, ആയിരം നാവുള്ള അനന്തൻപോലും വിഷമിച്ചുപോകും.

**—ഡോ. പി. കെ. സുകുമാരൻ**

---

ഭാഗം വായിച്ച് ആശ്വസിക്കേണ്ടതാണ്. വർഗസമരമോ 'ഖെരഞ്ഞെടുപ്പോ അല്ല ''നിരന്തര യുക്തിവാദം'' ആണ് ആ ക്ഷേമരാഷ്ട്രത്തിലേക്കുള്ള പാത. ഇടമറുകിൻെറ അക്ഷീണ യത്നം കാണുമ്പോൾ സമീപഭാവിയിൽത്തന്നെ ആ മഹനീയ വ്യവസ്ഥിതി സമാഗതമാകുമെന്നു് ഉറപ്പിക്കാം!

Regd. No KL/TC/63 Phone: 24020

YUKTHIVICHARAM

വസ്ത്രങ്ങൾക്ക്

എലൈററ് ഫേബ്രിക്സ്

തൃശൂർ

(ഫോൺ: 21021, 23399)

സ്റേറഷനറി സാധനങ്ങൾക്ക്

ഗിഫ്ററ് ഹൗസ്

തൃശൂർ

(ഫോൺ: 23075)

സ്വർണ്ണാഭരണങ്ങൾക്ക്

എലൈററ് ജുവല്ലറി

തൃശൂർ

(ഫോൺ: 22145)

മനസിനിണങ്ങിയ വസ്ത്രങ്ങൾക്ക്

ഫാഷൻ ഫാബ്രിക്സ്

തൃശൂർ

Printed by A. V. Jose, at Printwell, Punkunnam, for Best Printers and Published by him at Kuttipuzha Nagar, Trichur-680 004

# യുക്തിവിചാരം


പത്രാധിപര്‍
ആര്‍. കൃഷ്ണന്‍കുട്ടിനായര്‍



1984 ജൂലായ്




ഇന്ത്യൻ മരത്തിൽ പുഴുബാധ


യുക്തിവാദ പ്രചരണവേദി, തൃശ്ശൂര്‍ - 680004
വില. 1-00